
# ശ്രീ. സത്യൻ

## സ്മരണിക



791-4375
092.

1995

# KEL - LEROY SOMER
## BRUSHLESS
# ALTERNATORS & GENSETS
## (CONTINUOUS DUTY)




### ALTERNATOR — *Special Features*

- ☐ Latest Technology from LEROY SOMER France
- ☐ Warranty covers AVR and rotating Diodes also
- ☐ Class F/H insulation - IP 23 enclosure
- ☐ Wide Range from 10 KVA to 1500 KVA
- ☐ 4 Pole 50/60 Hz. 1500/1800 RPM
- ☐ Compound Excitation System with dual regulation
- ☐ Both 3 phase and single phase
- ☐ Compatible with all diesel engines
- ☐ Both single and double bearing arrangement
- ☐ Also available marine duty - IP 55 enclosure

### DIESEL GENSET — *Special Features*

- ☐ A Wide range of Capacities from 10 KVA to 1250 KVA
- ☐ Factory assembled and tested
- ☐ Diesel Engines of your choice
- ☐ Fuel efficient
- ☐ Most economical price
- ☐ Ex-stock/early delivery
- ☐ Nation wide service back-up
- ☐ Also available silent gensets



*You technical/commercial enquiries and for a free leaflet please write to:*
The General Manager (Marketing)


**KERALA ELECTRICAL & ALLIED ENGINEERING CO. LTD.**
(A Government of Kerala Undertaking)
P.B. No. 2301, Panampilly Nagar, Cochin 682 016
Tel: 310951, 312281, Res: 345338, Telex: 0885-6525, Fax No: 484- 310015

*REGIONAL OFFICES*

| | |
|---|---|
| NEW DELHI | B-7, IInd Floor, State Emporia Complex, New Delhi, 110 001 Tel Off: 350032 Res: 7273592 |
| BOMBAY | 87 Wode House Road, Colaba, Bombay 400 005 Tel: Off: 2182440 Res: 483594 |
| CALCUTTA | P-63-B C.I. Road, Calcutta 700 054 Tel: Off: 349781 |
| MADRAS | 95, Anna Salai, Madras 600 002, Tel: Off: 846148, Res: 428116 |
| BANGALORE | 5 Langford Garden, Bangalore 560 025 Tel. Off: 213735, 214508 |
| THIRUVANANTHAPURAM | Building No. 15, Santhi Nagar, Thiruvananthapuram 695 001 Tel: Off: .50136 Res: 70237 |

**WE BRING POWER TO THE PEOPLE**

14867



# സത്യൻ സ്മരണിക

തിരുവനന്തപുരം

1995

PC Library & Research Center

## ഈ സ്മരണികയുടെ ശില്പികൾ

ശ്രീ. വി. തങ്കയ്യ

ശ്രീ. കെ. പി. കൃഷ്ണകുമാർ

ശ്രീ. പി. രവീന്ദ്രൻ

ശ്രീ. കാവല്ലൂർ മധു

ശ്രീ. പി. ആർ. സുകുമാരൻ

791.4375092

പ്രസിദ്ധീകരണം : സത്യൻ സ്മാരക ട്രസ്റ്റ്
തിരുവനന്തപുരം.

പ്രിന്റിംഗ് : അരുൺ, തോപ്പുമുക്ക്, വട്ടിയൂർക്കാവ്.

# മുമ്പേ നടന്ന പ്രതിഭ

അഭിനയ ചക്രവർത്തിയായിരുന്ന സത്യൻ യശസ്സായി ഉയർന്നിട്ട് ഇരുപത്തിനാലുവർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. മലയാള സാഹിത്യത്തിൽ വൈക്കം മുഹമ്മദ് ബഷീർ, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നം വർക്കി തുടങ്ങിയവർ പുതിയ പാത വെട്ടിത്തെളിച്ചു. തങ്ങൾ രചിച്ച നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ തുടങ്ങിയ സാഹിത്യരചനകളിൽകൂടി സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ സ്വാതന്ത്ര്യ സമരത്തിന്റെയും മനുഷ്യാവകാശ സമരങ്ങളുടേയും ഊഷ്മള വായുവിൽ ഊതിക്കാച്ചി എടുത്തതായിരുന്നു അവരുടെ സാഹിത്യം.

പി. കേശവദേവും, തകഴിയും ഭാവന ചെയ്ത സാധാരണ പച്ചമനുഷ്യരായിട്ടുള്ള കഥാപാത്രങ്ങളെ വെള്ളിത്തിരയിൽ അവതരിപ്പിച്ച് ജീവസ്സുററവരാക്കിയതിൽ സത്യൻ വഹിച്ച പങ്ക് ഇന്നും ഒന്നാം സ്ഥാനത്തുതന്നെ പുഷ്പശോഭയോടെ വാടാതെ സൗരഭ്യം പരത്തി നില്ക്കുന്നു. മലയാള സിനിമയിൽ പുതുമയുടെ മുമ്പേ നടന്ന പ്രതിഭയാണ് സത്യൻ.

ഈ വർഷവും മലയാള സിനിമയുടെ കലാകാരൻമാർക്ക് ഒൻപത് അവാർഡുകൾ ലഭിച്ചു. 1960–കളിൽ മലയാള സിനിമയെ മലയാളികൾക്കും അപ്പുറം ശ്രദ്ധയിലേക്കും പ്രശസ്തിയിലേക്കും ഉയർത്തുന്നതിൽ സത്യൻ അദ്വിതീയവും നിസ്തുലവുമായ പങ്കുവഹിച്ചു. കലാലോകത്തിന്റെ ഗോപുരത്തിൽ മലയാള സിനിമയെ തന്റെ അഭിനയത്തിൽകൂടി, അല്ല, അഭിനയത്തെ ജീവിതമാക്കി പകർത്തിക്കൊണ്ട് ഉയർത്തിയത് സത്യനാണ്.

കഥയെ ഉൾകൊണ്ട് കലയിൽ പകർത്തി പ്രേക്ഷകരെ അതോടൊപ്പം ചേർത്തു കാണാൻ അദമ്യമായ അഭിവാഞ്ഛ അദ്ദേഹത്തിൽ അലിഞ്ഞുചേർന്നിരുന്നു. ഇത്തരം അഭിനയ ജീവിതത്തിൽകൂടി രക്താർബുദമെന്ന മഹാരോഗം അദ്ദേഹം ഏററുവാങ്ങിയതാണെന്ന് കരുതുന്നത് തെററായിരിക്കയില്ല.

അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ മാത്രമല്ല, മലയാള സിനിമാ ലോകത്തിനും മലയാളികൾക്കും അദ്ദേഹം നൽകിയ ജീവത്തായ സംഭാവന തുടർന്നും വികസിപ്പിക്കാനുള്ള എളിയ പരിശ്രമം സത്യൻ സ്മാരക ട്രസ്ററ് നടത്തിവരുന്നു. ആ ലക്ഷ്യത്തോടെ പ്രകാശിപ്പിക്കുന്ന ഈ സ്മരണിക വർഷംതോറും വികസിപ്പിക്കാനും ഞങ്ങൾ ഉദ്ദേശിക്കുന്നു. അതിനെല്ലാം പ്രിയ വായനക്കാരുടെ അനുഗ്രഹവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ഈ സ്മരണിക സമർപ്പിക്കുന്നു.

വി. തങ്കയ്യ.

*With best compliments from:-*

★

**N. RAJAN**
**CONTRACTOR**

NJARAKODE HOUSE
NEDUMON, KALLAYAM P. O.
THIRUVANANTHAPURAM.

Phone : (O) 67718
(R) 432317

*With best compliments from:-*

★

**S. GOPALAKRISHNAN NAIR**
**GOVT. CONTRACTOR**

HARI NIVAS
MUDAVANMUGAL
POOJAPPURA
TRIVANDRUM.
Phone . 340104 (R)

# സത്യന്റെ കലയും കാലവും

പി. ഗോവിന്ദപിള്ള

മലയാള ചലച്ചിത്ര ലോകത്തിലെ അനശ്വര കലാകാരനായ സത്യൻ അരങ്ങൊഴിഞ്ഞ് അമരപദത്തിലെത്തിയിട്ട് കാൽനൂററാണ്ട് പിന്നിടുകയാണ്. ഇതിന് മുമ്പും പിമ്പുമായി എത്രയോപേർ അരങ്ങിലെത്തുകയും അരങ്ങൊഴിയുകയും ചെയ്തു. പലരേയും നാം മറന്നു. ചിലർ മറവിയിലേക്ക് മറയാതെ അല്പ്പാല്പ്പമായി മിന്നി നിൽക്കുന്നുണ്ട്. പക്ഷെ സത്യനെ (1912–71) പോലെ കാലം ചെല്ലുംതോറും പൂർവ്വാധികം സ്മരണയിൽ മിന്നിതെളിയുന്ന താരങ്ങൾ മലയാളിയുടെ മനസ്സിൽ അവശേഷിക്കുന്നുണ്ടെന്ന് തോന്നുന്നില്ല.

മലയാള ചലച്ചിത്ര രംഗത്തും അതുവഴി മലയാളിയുടെ സാമൂഹ്യ ചരിത്രത്തിലും സത്യനെങ്ങിനെ അനശ്വരനായി, സത്യന്റെ ഈ രംഗത്തെ സംഭാവനവച്ച് എല്ലാം മനസ്സിലാക്കുവാൻ മലയാള ചലച്ചിത്ര കലയുടെ പുരോഗതിയുടെ ഭാഗമായി ഒന്നവലോകനം ചെയ്യേണ്ടതുണ്ട്. സാക്ഷരത, സ്ത്രീ വിദ്യാഭ്യാസം, കുറഞ്ഞ ശിശുമരണ നിരക്ക്, ശരാശരി ആയുർദൈർഘ്യം, പൊതുജനാരോഗ്യ പരിപാലനം തുടങ്ങി പല രംഗങ്ങളിലും കേരളത്തിന്റെ സ്ഥാനം ഇന്ത്യൻ സംസ്ഥാനങ്ങളിലേതിനേക്കാൾ വളരെ ഉയർന്നതാണെന്ന് വിദഗ്ധൻമാർ പറയാറുണ്ടല്ലോ അവ പോലെതന്നെ കേരളത്തിൽ മികച്ചുനിൽക്കുന്ന ഒരു രംഗമാണ് ചലച്ചിത്രരംഗം. (പ്രതിശീർഷ മൂലധന നിക്ഷേപം വ്യവസായ വൽക്കരണം, തൊഴിലില്ലായ്മ തുടങ്ങിയ മററു പല രംഗങ്ങളിലും കേരളത്തിന്റെ സ്ഥാനം അസൂയാവഹമല്ല എന്ന വസ്തുത വിസ്മരിക്കുന്നില്ല)

## പിന്നണിയിൽ നിന്ന് മുന്നണിയിലേക്ക്

ഇന്ത്യയിലെ പ്രതിശീർഷ ചലച്ചിത്രോല്പ്പാദനം ശരാശരി 800–850 ആണ്. ഇവയിൽ നൂറോളം (ചിലവർഷങ്ങളിൽ നൂറിലേറെ)മലയാള ചിത്രങ്ങളാണ്. അതായത് ഇന്ത്യയിലെ 4 ശതമാനം ജനസംഖ്യയുള്ള മലയാളികളുടെ ചലച്ചിത്രോല്പാദനം 12 ശതമാനത്തിലേറെ അതുപോലെ ഇന്ത്യയിലാകെ പ്രവർത്തനക്ഷമമായ 14000 ത്തിൽപ്പരം സിനിമാശാലകളിൽ 10 ശതമാനത്തോളമായ 1350 ഉം കേരളത്തിലാണ്. അങ്ങിനെ ഇന്ന് ചലച്ചിത്രാവബോധത്തിലും ചലച്ചിത്ര നിർമ്മാണത്തിലും മലയാളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. എങ്കിലും 1950 കളുടെ ആദ്യം സത്യനും, പ്രേംനസീറും രംഗത്തുവരുന്ന കാലത്ത് സ്ഥിതി വളരെ ദയനീയമായിരുന്നു. ചരിത്രദൃഷ്ട്യാ മലയാളത്തിലെ ആദ്യത്തെ സംസാര ചലച്ചിത്രമായ "ബാലൻ" സിനിമാശാലയിലെത്തിയത് 1938 ലാണ്. 1938 മുതൽ 1951–ൽ "ത്യാഗസീമ" (അത് പൂർത്തിയായില്ല) എന്ന തന്റെ പ്രഥമ ചിത്രത്തിൽ സത്യൻ അഭിനയിക്കുന്നവരെയുള്ള ഒരു വ്യാഴവട്ടക്കാലത്ത് തുടങ്ങിയ മലയാള ചലച്ചിത്രങ്ങൾ 11 എണ്ണം മാത്രമാണ്. ഇക്കാലത്ത് തമിഴ്, തെലുങ്ക് മുതലായ ഭാഷകളിൽ പ്രതിവർഷം 20 ഉം, 30 ഉം വരെ ചിത്രങ്ങൾ ഇറക്കാറുണ്ടായിരുന്നു എന്നോർക്കുക. അങ്ങിനെ പ്രതിവർഷം ഒന്നും, രണ്ടും ചിത്രങ്ങൾ മാത്രം മലയാളത്തിൽ വന്നുകൊണ്ടിരുന്ന ആ ഊഷരകാലം പച്ചപിടിക്കുന്നത് 1950 കളിലാണ്. വർഷം

# കേരള സംസ്ഥാന ഭാഗ്യക്കുറികൾ

## ആഴ്ചതോറും മൂന്ന് നറുക്കെടുപ്പുകൾ

എല്ലാ വ്യാഴാഴ്ചകളിലും–'കൈരളി'-ഭാഗ്യക്കുറി.

ഒന്നാം സമ്മാനം : **10** ലക്ഷം രൂപ. ടിക്കററു വില–**5** രൂപ

★

എല്ലാ ചൊവ്വാഴ്ചകളിലും–'പെരിയാർ'-ഭാഗ്യക്കുറി.

ഒന്നാം സമ്മാനം : **5** ലക്ഷം രൂപ. ടിക്കററു വില–**3** രൂപ

★

എല്ലാ ശനിയാഴ്ചകളിലും–'മാവേലി'-ഭാഗ്യക്കുറി.

ഒന്നാം സമ്മാനം : **1** ലക്ഷം രൂപ. ടിക്കററുവില–**1** രൂപ

★

കൂടാതെ
"വിഷു–മേയ്ദിന–മൺസൂൺ–പഞ്ചമി–സുരഭി–ജയന്തി–
ഓണം–പൂജ–ദീപാവലി–ക്രിസ്തുമസ് – ശബരി–ശിവരാത്രി" എന്നീ
**'സൂപ്പർ/ഗ്രാൻറ് ബമ്പർ'-ഭാഗ്യക്കുറികൾ.**

ഒന്നാം സമ്മാനം : **25** ലക്ഷം രൂ. + കാർ
**50** ലക്ഷം രൂ + കാർ
ടിക്കററു വില–**10** രൂപ-**20** രൂപ.

---

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം.
ഫോൺ : 445230/445193

പ്രതി 6 ഉം, 7 ഉം, ചിലപ്പോൾ 3 ഉം, 4 ഉം എന്ന് ഇഴഞ്ഞിഴഞ്ഞു നീങ്ങിയ മലയാള സിനിമ ഒരു കുതിച്ചു ചാട്ടത്തിനൊരുങ്ങുകയായി. അന്നോളമുള്ള ബോക്സ് ഓഫീസ് റിക്കാർഡുകൾ മുഴുവൻ തകർത്തുകൊണ്ട് മലയാള സിനിമയുടെ പ്രായപൂർത്തി വിളിച്ചറിയിച്ച ജീവിതനൗകയായിരുന്നു ഈ കുതിച്ചുചാട്ടത്തിന്റെ തുടക്കം കുറിച്ചത്. തിരുവനന്തപുരത്ത് മാത്രം 284 ദിവസം തുടർച്ചയായി കളിച്ച ജീവിതനൗകയിൽ തിക്കുറിശ്ശിയും, മുതുകുളം രാഘവൻപിള്ളയും നിറഞ്ഞുനിന്നു. പിൽക്കാലത്ത് മലയാള സിനിമ നിർമ്മാണങ്ങളിൽ അതുല്ല്യരെന്ന് പേരെടുത്ത മെരിലാൻഡ് സുബ്രഹ്മണ്യം, ഉദയാ കുഞ്ചാക്കോ എന്നിവരിൽ ആദ്യത്തെ പേരുകാരനായിരുന്നു ജീവിതനൗകയുടെ നിർമ്മാതാവ്. പക്ഷെ കച്ചവടത്തിൽ അത്ഭുത വിജയം കൈവരിക്കുകയും മലയാളസിനിമചരിത്രത്തിൽ നാഴികക്കല്ലാകുകയും ചെയ്ത "ജീവിതനൗക" കലാമാനദണ്ഡങ്ങൾ പ്രകാരം ഒരു ദയനീയ സൃഷ്ടിയായിരുന്നു. തുടർന്നുള്ള മലയാളചലച്ചിത്ര ചരിത്രത്തെ പ്രസിദ്ധ സിനിമാനിരൂപകനായ വിജയകൃഷ്ണൻ വിലയിരുത്തുന്നതിങ്ങനെയാണ്.

> "ഒരു ചിത്രത്തിന്റെ അഭൂതപൂർവ്വമായ വിജയംകൊണ്ടാണ് 1951 ശ്രദ്ധേയമാകുന്നത് എങ്കിൽ ഏറെക്കാലം മലയാളസിനിമയെ അടക്കി ഭരിച്ച രണ്ടു നടൻമാരെ സംഭാവന ചെയ്തു എന്നതാണ് 1952 ന്റെ നേട്ടം. ജൂൺ മാസത്തിൽ പുറത്തിറങ്ങിയ "മരുമക്കളി"ലൂടെ പ്രേംനസീറും ആഗസ്റ്റിൽ പുറത്തിറങ്ങിയ "ആത്മസഖി"യിലൂടെ സത്യനും മലയാള സിനിമയിൽ പ്രവേശിച്ചു. സത്യൻ കരുത്തനായ ഒരഭിനേതാവെന്ന നിലയ്ക്കും പ്രേംനസീർ സാമാന്യ ജനതയ്ക്ക് ആരാധ്യനായ ഒരു ഗ്ലാമർ ഹീറോ എന്ന നിലയ്ക്കും സ്ഥാനം പിടിച്ചെടുത്തു." (മലയാള സിനിമയുടെ കഥ" പു. 67)

1950 ലും 1951 ലും 6 വീതം മലയാളസിനിമകളാണ് നിർമ്മിക്കപ്പെട്ടത് എങ്കിൽ 1952 ൽ തന്നെ 11 ലേയ്ക്കുയർന്നു. അങ്ങിനെ ഉയർന്നുയർന്ന് സത്യൻ ദിവംഗതനായ 1971-ൽ അന്നേവരെയുള്ള സകല റിക്കാർഡുകളേയും പിൻതള്ളി 53 മലയാള ചിത്രങ്ങൾ തീയേററുകളിൽ എത്തി.

ഈ അത്ഭുതാവഹമായ മുന്നേററത്തിന്റെ വേഗത മനസ്സിലാക്കാൻ രണ്ടു പതിററാണ്ടു കാലത്തെ മലയാള ചലച്ചിത്ര നിർമ്മാണ കണക്കുകൾ ചേർത്തിരിക്കുന്നത് നോക്കുക.

## മലയാള ചലച്ചിത്രം 20 വർഷത്തെ നിർമ്മാണം

| വർഷം | ചിത്രം | വർഷം | ചിത്രം |
|---|---|---|---|
| 1950 | 6 | 1961 | 11 |
| 1951 | 6 | 1962 | 15 |
| 1952 | 11 | 1963 | 13 |
| 1953 | 7 | 1964 | 19 |
| 1954 | 9 | 1965 | 31 |
| 1955 | 7 | 1966 | 32 |
| 1956 | 5 | 1967 | 39 |
| 1957 | 7 | 1968 | 36 |
| 1958 | 4 | 1969 | 31 |
| 1959 | 3 | 1970 | 44 |
| 1960 | 6 | 1971 | 51 |

*With best compliments from:-*

# RELIANCE CONSTRUCTION Co.

**CHATHANNOOR, KOLLAM**

**Managing Partner:**

## V. GOPALAKRISHNAN

Phone : OFFICE : KOLLAM 0474-71048
ANCHAL 047527-620
CHATHANNOOR 047484-376
RESIDENCE : CHATHANNOOR 047484-262

*With best compliments from:-*

# R. SURAJ

## GOVT. CONTRACTOR

**"RAJVRINDAVAN"**

UCHAKKADA, VENGANOOR P. O.
BALARAMAPURAM, THIRUVANANTHAPURAM.

★

**Prop: RAJ ENGINEERING WORKS**
**Plumbing and Electrical Works**
UCHAKKADA
Phone : 480980

## സൂപ്പർ താര പ്രഭയും പാടവവും

ഈ വമ്പിച്ച പുരോഗതിക്ക് സംഭാവന നൽകിയവർ പലരാണ്. ചരിത്രപരമായ പല ഘടകങ്ങളും ഉണ്ട്. സുബ്രഹ്മണ്യം, കുഞ്ചാക്കോ, മഞ്ഞിലാസ് ജോസഫ്, തോപ്പിൽ ഭാസി തുടങ്ങിയ വ്യവസായ കണ്ണുള്ള നിർമ്മാതാക്കൾ, പി. ഭാസ്ക്കരൻ, രാമു കാര്യാട്ട്, സേതുമാധവൻ തുടങ്ങിയ പ്രതിഭാ ധനരായ സംവിധായകർ, വയലാർ, ഒ. എൻ. വി തുടങ്ങിയ അനുഗ്രഹീതരായ ഗാനരചയിതാക്കൾ, കുമാരി, ഷീല, ജയഭാരതി, ശാരദ തുടങ്ങിയ പ്രതിഭ നേടിയ നടികൾ, ദക്ഷിണമൂർത്തിയേയും, ദേവരാജനേയും പേലെയുള്ള സംഗീത സംവിധായകർ എന്നിങ്ങനെ ഈ സംഭാവന നൽകിയ വിവിധ പട്ടിക നീണ്ടുപോകുന്നു. ഇവരിലാരെയും ഏതെങ്കിലും ചിത്രത്തിൽ മാററി നിർത്തുകയോ പകരം വെക്കുകയോ ചെയ്യാമായിരുന്നു. എന്നാൽ ചിത്രങ്ങളുടെ ബോക്സ് ഓഫീസ് വിജയത്തിനും ജനപ്രീതിക്കും സത്യനും, പ്രേംനസീറും എന്ന സൂപ്പർതാരങ്ങളിലാരോടും കൂടിയേ കഴിയുമായിരുന്നുള്ളു. അതുകൊണ്ട് മലയാള സിനിമയുടെ അത്യുന്നതിക്ക് അനുപമമായ രീതിയിൽ സംഭാവന ചെയ്യുവാൻ ഈ ഇരുവരല്ലാതെ മററാരുമില്ല.

പക്ഷെ ഇവർ തമ്മിൽ വിജയകൃഷ്ണൻ ചൂണ്ടികാണിച്ച ഒരു ഗൗരവതരമായ വ്യത്യാസം ഉണ്ടായിരുന്നു എന്നത് വിസ്മയിക്കാനാവില്ല. സൽസ്വഭാവം, സുജന മര്യാദ, ഔദാര്യ ശീലം, ആകർഷകമായ ദർശനീയത, കഠിനദ്ധാനശീലം തുടങ്ങിയ ഗുണ വിശേഷങ്ങൾ പ്രേംനസീറിനെ ചലച്ചിത്ര രംഗത്തെ ഒരപൂർവ്വ വ്യക്തിപ്രഭാവത്തിൻെറ ഉടമയാക്കുന്നു എന്നത് നിസ്തർക്കമാണ്. 600-ൽ ഏറെ ചിത്രങ്ങളിൽ അഭിനയിച്ച് ലോകറിക്കാർഡ് സ്ഥാപിക്കുകയും, ഗിന്നസ് ബുക്കിൽ പേരു പിടിക്കുകയും ചെയ്ത പ്രേം നസീർ മലയാള സിനിമയ്ക്ക് മാത്രമല്ല മലയാളകരയ്ക്കും അവിസ്മരണീയനാണ്. എന്നാൽ സത്യൻെറ അനുപമമായ അഭിനയ പാടവം പ്രേംനസീറിനന്യമായിരുന്നു എന്ന് നിർമ്മത്സരബുദ്ധികളായ ആസ്വാദകരേവരും സമ്മതിക്കും.

ഇക്കാരണംകൊണ്ടാണ് സംസ്ഥാന ചലച്ചിത്ര പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തിയ വർഷംതന്നെ (1969) മികച്ച നടനുള്ള പുരസ്കാരം സത്യന് ലഭിച്ചത്. 1971-ൽ മരണാനന്തര ബഹുമതിയായും അതേ പുരസ്കാരം സത്യനെ തേടി എത്തി. ആദ്യമായി അഖിലേന്ത്യാ പുരസ്കാരം നേടിയ മലയാള ചലച്ചിത്രമായ പി. ഭാസ്കരൻെറ "നീലകുയിലിൻെറ"യും പിന്നീട് അഖിലേന്ത്യാ പുരസ്കാരം നേടിയ രാമു കാര്യാട്ടിൻെറ "ചെമ്മീനിൻെറ"യും വിജയത്തിൽ സത്യനെന്ന സൂപ്പർ നടൻെറ പങ്ക് ചെറുതല്ല. പത്മഭൂഷൺ ഉൾപ്പെടെ അർഹമായ പല അംഗീകാരങ്ങളും ബിരുദങ്ങളും പ്രേംനസീറിന് ലഭിച്ചുവെങ്കിലും മികച്ച അഭിനയത്തിനുള്ള അംഗീകാരമെല്ലാം ആ നല്ല മനുഷ്യനിൽ നിന്നൊഴിഞ്ഞുമാറിപോയി.

## പരുഷമായ പുരുഷസൗന്ദര്യം

സത്യൻ അഭിനയ രംഗത്തിറങ്ങുമ്പോൾ നാടകത്തിലായാലും സിനിമയിലായാലും നായകരൂപത്തെകുറിച്ച് ഒരു സങ്കല്പമുണ്ടായിരുന്നു. പിൽക്കാല നിരൂപകർ "സൈ്ത്രണം" എന്ന പരിഹാസദ്യോതകമായി വിശേഷിപ്പിച്ചുവെന്ന രീതിയിലുള്ള "സുമുഖനം" നായകവേഷക്കാർക്ക് അനിവാര്യമായി കരുതപ്പെട്ടിരിക്കുന്നു. ഓംപൂരിയെപ്പോലെ വസൂരികുത്ത് നിറഞ്ഞ് കവിളൊട്ടി എല്ലുന്തിയ രൂപങ്ങൾ അഭിനയ കല

*With best compliments from:*

# J. S. ELECTRICAL AND
## REFRIGERATION WORKS

HOSPITAL JUNCTION, NEYYATTINKARA-695121
Phone : 222910, 222901

*Winding, Repairing and Servicing of Motor, Refrigerator, ,Air Conditioner, Fan, Mixies, Grinder etc.*

Prop: JAYADEV SINGH

---

*With the best compliments of:*

# HOTEL HIGH LAND

TRIVANDRUM

Phone : 68200 (10 line)

യുടെ ഉത്തുംഗ സോപാനങ്ങളിൽ കയറികൂടുന്ന ഇക്കാലത്ത് ആ സങ്കല്പം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എങ്കിലും 1950 കളിലേയും 1960 കളിലേയും മലയാളസിനിമയിൽ അത്തരം നായക പ്രവേശം അപൂർവ്വമായിരുന്നു. ഉയരം കുറഞ്ഞ് പരുക്കൻ മുഖത്തോടുകൂടിയ സത്യനെന്ന കറുമ്പൻ പുരുഷസൗന്ദര്യത്തിന്റെ പ്രതീകമായി മലയാളസിനിമയിൽ അംഗീകരിക്കപ്പെട്ടത് അദ്ദേഹത്തിന്റെ അതുല്ല്യമായ അഭിനയ പാടവം ഒന്നുകൊണ്ട് മാത്രമായിരുന്നു. സാധാരണ ഗതിയിൽ വില്ലൻമാർക്ക് ചേർന്ന സത്യന്റെ മുഖവും ശരീരപ്രകൃതവും മധുരോദാരമായ കാമുകവേഷത്തിന് തികച്ചും അനുയോജ്യനാണെന്ന് മലയാളി പ്രേക്ഷകരെ അനുഭവ ബോധ്യപ്പെടുത്തി അവരുടെ സൗന്ദര്യാഭിരുചിയെതന്നെ അദ്ദേഹം മാററിതീർത്തു.

സത്യന്റെ അഭിനയ വൈദഗ്ധ്യം വിജയത്തിലേക്കു നയിച്ച ചിത്രങ്ങളുടെ പട്ടിക മലയാളത്തിലെ ആദ്യകാല ചലച്ചിത്ര ക്ലാസിക്കുകളുടെ ഒരു പട്ടികയാണ്. 'നീലക്കുയിൽ', 'സ്നേഹസീമ', 'നായരുപിടിച്ച പുലിവാൽ', 'മുടിയനായ പുത്രൻ', 'ഭാര്യ', 'ചെമ്മീൻ', 'യക്ഷി', 'അടിമകൾ', 'കടൽപ്പാലം', 'വാഴ്വേമായം', 'ക്രോസ്ബെൽററ്', 'അരനാഴികനേരം', 'അനുഭവങ്ങൾ പാളിച്ചകൾ', 'കരകാണാക്കടൽ', 'ഓടയിൽനിന്ന്' എന്നിങ്ങനെ നീണ്ടുനീണ്ടുപോകുന്ന തിളക്കമുററ ആ പട്ടിക

സത്യന്റെ അഭിനയശൈലിയെക്കുറിച്ചും അദ്ദേഹത്തിന്റെ കലാദർശങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റെ കലയേയും കാലത്തേയും കുറിച്ചും കൂടുതൽ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. മലയാളസിനിമാ വ്യവസായവും അതിലെ അഭിനയവും പ്രതീക്ഷക്ക് വകനൽകാത്ത ഒരു നഷ്ടക്കച്ചവടമായിരുന്ന വേളയിൽ അക്കാലത്ത് സാമാന്യം ഭേദപ്പെട്ടതായി കരുതപ്പെട്ടിരുന്നതും ഭാവിപ്രതീക്ഷകൾ നിറഞ്ഞതുമായ പൊലീസ് ഇൻസ്പെക്ടർ ഉദ്യോഗം വലിച്ചെറിഞ്ഞ് പരാജയസാധ്യതകൾ പതിയിരുന്ന ചലച്ചിത്രരംഗത്തേക്ക് എടുത്തുചാടിയ സത്യന്റെ അദമ്യമായ കലാപ്രേമവും ആത്മവിശ്വാസവും അത്ഭുതാവഹംതന്നെ. നഷ്ടക്കച്ചവടമായിരുന്ന മലയാളസിനിമയെ 20 വർഷം കൊണ്ട് ലാഭക്കച്ചവടമാക്കി മാററുന്നതിൽ അതുല്യമായ സംഭാവന നൽകി അദ്ദേഹം വിടപറയുമ്പോഴേക്കും ഭാരതീയ ചലച്ചിത്ര ഭൂപടത്തിൽ മലയാളത്തിന്റെ സ്ഥാനം ഭദ്രമായിക്കഴിഞ്ഞിരുന്നു. ആ പ്രതിഭ അരങ്ങൊഴിഞ്ഞ് 25 വർഷം പിന്നിട്ടിട്ടും ആ സ്മരണ സന്ധ്യാരാഗംപോലെ നമ്മുടെ കലാചക്രവാളത്തിൽ പ്രകാശം പരത്തുന്നു. ആ സ്മരണയ്ക്കുമുമ്പിൽ എളിയവനായ ഈ ചലച്ചിത്രാസ്വാദകന്റെ ആദരാഞ്ജലി.

—0—

# അമൂല്യമായ ലക്ഷ്യത്തിലേക്ക്
# അതുല്യമായ മാർഗ്ഗം

# KSFE

**ചിട്ടികൾ**

പ്രതിമാസ വരുമാനം എത്രയായാലും അതിനനുസരിച്ച് രൂപകൽപന ചെയ്ത ചിട്ടികൾ. അത്യാവശ്യക്കാർക്ക് ചിട്ടി സലയുടെ 50% മുൻകൂറായി ലഭിക്കുന്നതിനുള്ള സൗകര്യം.

**ഹയർ പർച്ചേസ് പദ്ധതി**

ക്ലിപ്ത വരുമാനക്കാരായ ഇടത്തരക്കാരുടെ സങ്കല്പങ്ങളെ പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്ന ഹയർ പർച്ചേസ് പദ്ധതിയിലൂടെ നിങ്ങളാഗ്രഹിക്കുന്നതെന്തും ലളിതമായ വ്യവസ്ഥയിൽ സ്വന്തമാക്കാം.

**ഭവന വായ്പ / ഭവന നവീകരണ വായ്പാ പദ്ധതി**

പുതിയ വീടുകൾ പണിയുന്നതിന് 2,25,000 രൂപവരെയും നിലവിലുള്ള വീടുകൾ പുതുക്കി പണിയുന്നതിന് 1 ലക്ഷം രൂപവരെയും സാമ്പത്തിക സഹായം നല്കുന്നു.

**സ്വന്തമായൊരു തൊഴിൽ**

അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽരഹിതരുടെ സ്വപ്നം സഫലീകരിക്കാൻ തൊഴിലധിഷ്ഠിത ഹയർപർച്ചേസ് പദ്ധതി.

**സ്വർണ്ണപണയ വായ്പാ പദ്ധതി**

അപ്രതീക്ഷിത സാമ്പത്തിക പ്രശ്നങ്ങളെ തരണം ചെയ്യുവാൻ കൂടുതൽ വായ്പ കുറഞ്ഞ പലിശയിൽ ലഭ്യമാണ്.

**ട്രേഡ് ഫിനാൻസിങ്ങ് സ്കീം**

ചെറുകിട കച്ചവടക്കാർ, സ്റ്റാംപ് വെണ്ടർമാർ, ഭാഗ്യക്കുറി വിൽപനക്കാർ എന്നിവർക്ക് ഈ പദ്ധതിയിലൂടെ ലളിതമായ വ്യവസ്ഥയിൽ സാമ്പത്തിക സഹായം നല്കുന്നു.

**സ്ഥിര നിക്ഷേപം**

ഉയർന്ന പലിശനിരക്കും പരിപൂർണ്ണ സുരക്ഷിതത്വവും ഈ പദ്ധതിയുടെ സവിശേഷതകളാണ്. സ്ഥിര നിക്ഷേപത്തിന്റെ പലിശനിരക്കു 1 വർഷം മുതൽ 3 വർഷംവരെ 13%. 3 വർഷവും അതിനു മുകളിലും 14%.

**സുഗമ നിക്ഷേപ പദ്ധതി**

അധികാദായത്തിന് സേവിംഗ്സ് ബാങ്കിന്റെ എല്ലാ സൗകര്യങ്ങളോടുംകൂടിയ നിക്ഷേപ പദ്ധതി. പലിശനിരക്ക് 9%.

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള KSFE ബ്രാഞ്ചുമായി ബന്ധപ്പെടുക.

**ദി കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സ്ഥാപനം)

രജി. ഓഫീസ് 'ഭദ്രത', പി.ബി. നമ്പർ 510, മ്യൂസിയം റോഡ്, തൃശ്ശൂർ–680 020

ഫോൺ : ഓഫീസ് 332255. എം ഡി. 332222.

# പൊലിഞ്ഞിട്ടും ജ്വലിക്കുന്ന താരം

മൂന്നാംമൂട് വിക്രമൻ

ജ്വലിക്കുന്ന ഉച്ചചൂടിനെ വകവയ്ക്കാതെ ഞാൻ കുടുംബത്തോടൊപ്പം തൊട്ടടുത്തുള്ള സിനിമാശാലയിലേയ്ക്ക് നടന്നു നീങ്ങി.

അങ്ങനെ എൻെറ 10-മത്തെ വയസിൽ ആദ്യമായി സത്യനെന്ന വലിയ നടൻെറ കാട്ടുതുളസി എന്ന സിനിമ കണ്ടു.

ഒരു ചിത്രത്തെയൊ നടനെയൊ വിലയിരുത്താൻ കഴിയാത്ത പ്രായത്തിലാണ് കാട്ടുതുളസി കണ്ടെതെങ്കിലും അതിലെ പല സീനുകളും ഇന്നും എൻെറ ഓർമ്മയിൽ നിലനിൽക്കുന്നു.

1971-ജൂൺ 15 ന് സത്യൻ മരിക്കുമ്പോൾ ഈ നടനെക്കുറിച്ചുള്ള അറിവുകൾ എനിക്ക് പരിമിതങ്ങളായിരുന്നു.

എന്നാൽ മരണശേഷം ചലചിത്ര ലോകത്തെ എക്കാലത്തെയും നാഴികകല്ലുകളായ ചെമ്മീൻ, ഭാര്യ, വാഴ്‌വേമായം, മൂലധനം, അനുഭവങ്ങൾപാളിച്ചകൾ, നിങ്ങളെന്നെ കമ്മ്യൂണിസ്ററാക്കി തുടങ്ങി ഒട്ടനവധി ചിത്രങ്ങൾ കാണാനും ആസ്വദിക്കാനും അവയിലെ സത്യൻെറ അഭിനയത്തെ വിലയിരുത്താനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു പെണ്ണിൻെറ കഥയിലെ തമ്പി ഒരു ദുഷ്ടകഥാപാത്രമാണെങ്കിൽ കൂടി പ്രേക്ഷകമനസ്സുകളെ കീഴടക്കിക്കൊണ്ട് ഉയർന്നുനിന്നു.

സത്യൻെറ അഭിനയം കൊണ്ടുമാത്രം കളക്ഷൻ നേടിയിട്ടുള്ള ധാരാളം ചിത്രങ്ങളുടെ നിർമ്മിതാക്കൾ നന്ദിയോടെ സത്യനെ സ്തുതിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

കാലചക്രം എത്ര തവണ കറങ്ങിയാലും അതിനിടയിൽ എത്ര തന്നെ കലാകാരൻമാർ മറഞ്ഞാലും സത്യനെന്ന നടനെ മലയാളികൾക്കും ഇൻഡ്യൻ സിനിമാ ലോകത്തിനും മറക്കാൻ കഴിയില്ല. എന്നും സത്യൻ തൻെറ അഭിനയത്തിലൂടെ തെളിയിച്ചിട്ടുണ്ട് സത്യൻ ഇല്ലാത്ത മലയാള ചലചിത്രലോകം 24 വർഷങ്ങൾ കഴിഞ്ഞിട്ടും ഈ അഭിനയ ചക്രവർത്തിയെ കലാലോകവും ആരാധകരും അർഹിക്കുന്ന ആദരവോടെ കാണുന്നു എന്നതിൻെറ ചെറിയൊരു തെളിവാണ് ഈ സ്മരണിക.

ഈ സ്മരണികയിലൂടെ ഒരിക്കൽ കൂടി ഞാൻ പറയട്ടെ പൊലിഞ്ഞിട്ടും ജ്വലിക്കുന്നതാരം ഒന്നേയുള്ളു. അതു സത്യൻ മാത്രം.

★

# സത്യൻ എന്ന മുശടൻ

—ജി. വിവേകാനന്ദൻ—

സത്യൻ തൻെറ ആത്മാർത്ഥ സുഹൃത്തായിരുന്നു എന്ന് അവകാശപ്പെടാൻ ഇന്ന് ധാരാളം പേരുണ്ട്. അക്കൂട്ടത്തിൽ ഒരാളല്ല ഞാൻ. അദ്ദേഹം എൻെറ പരിചയക്കാരനായിരുന്നു എന്നുപറയാൻ മാത്രമേ ഞാൻ ധൈര്യപ്പെടുന്നുള്ളൂ. എങ്കിലും എനിക്ക് അദ്ദേഹത്തെപ്പററി ഒരുപാട് ഓർമ്മകളുണ്ട്. അവയിൽ ചിലത് മാത്രം ഇവിടെകുറിക്കുന്നു.

സത്യൻ ഒരു നടനാകുന്നതിനും വളരെമുമ്പ് തുടങ്ങിയതാണ് ഞങ്ങൾ തമ്മിലുള്ള പരിചയം. അന്ന് അദ്ദേഹം തുഛമായ ശമ്പളക്കാരനായ ഒരു സ്കൂൾ അദ്ധ്യാപകനായിരുന്നു. ഞാനും അതുപോലെ ഒരാശുപത്രി ജീവനക്കാരനായിരുന്നു. ഞങ്ങൾക്ക് രണ്ടുപേർക്കും അന്ന് സൈക്കിൾ ഉണ്ട്. ഒപ്പം അന്നത്തെ സവർണ്ണമേധാവിത്വത്തിനെതിരേയുള്ള ഒട്ടേറെ നൊമ്പരപ്പെടുത്തുന്ന പരാതികളും. തുല്ല്യ ദുഃഖിതരായ ഞങ്ങൾ അന്ന് ലക്ഷ്യമില്ലാതെ വളരെദൂരം സൈക്കിൾ ചവുട്ടും. തളരുമ്പോൾ ആളൊഴിഞ്ഞ കോണിലിരുന്ന് അവരവരുടെ ദുഃഖങ്ങൾ പങ്കുവയ്ക്കും. അതിനിടയിൽ സത്യന് ഒരുസിനിമയിൽ അഭിനയിക്കാൻ സന്ദർഭംകിട്ടി. ഞാൻ ലീവെടുത്ത് കോളേജിലും ചേർന്നു. പിന്നീട് സത്യനെ കാണുന്നത് ഒരുപഴയ ഓപ്പൺ ചടാക്ക് കാറിൻെറ ഉടമസ്ഥനായിട്ടാണ്. കാർ ഓടിപ്പോകുന്നതിനിടയിൽ ചിലപ്പൊഴൊക്കെ നിന്നുപോകും. അപ്പോൾ കുറച്ചുദൂരം തള്ളണം. അതിന് ഒരാൾവേണം. അതായിരുന്നു എൻെറ ജോലി. കുറേക്കഴിഞ്ഞാണെങ്കിലും വളരെപെട്ടെന്ന് കാര്യങ്ങൾ മാറി. സത്യൻ തിരക്കുള്ള സിനിമാനടനാണ്. അതുകാരണം പണ്ടേപ്പോലെ കാണാൻ കിട്ടാതായി എങ്കിലും പരസ്പരം കത്തയക്കുമായിരുന്നു.

ഒരുനാൾ ഞാൻ സത്യനെ കാണാൻ മദ്രാസ്സിൽപോയി. സ്വാമീസ് ലോഡ്ജിലെ ഒരു കൊച്ചുമുറിയിലാണ് ഇഷ്ടൻെറ താമസം. വേറെയും പലസിനിമാക്കാരുമുണ്ട് അവിടെ താമസക്കാരായി. അന്ന് ഞാൻ ശ്രദ്ധിച്ച ഒരു കാര്യം പറയാം. സത്യനെ മററു സിനിമാക്കാർക്കെല്ലാം ഇഷ്ടമാണ്, ബഹുമാനവുമാണ്. അതേ, സമയം ഭയവുമാണ്. കാരണം മറെറാന്നുമല്ല. ആരോടും അത്രവേഗം അടുക്കുന്ന പ്രകൃതക്കാരനല്ല സത്യൻ. അടുത്താൽ തന്നെയും സ്നേഹം പുറത്തുകാണിക്കാൻ അറിയില്ല. ഉള്ളിൽ സ്നേഹം നിറഞ്ഞ്തുളുമ്പി നിൽക്കുമ്പോൾ പോലും പെരുമാററം ഒരു മുശടൻേറതായിരിക്കും.

കൊച്ചുവർത്തമാനം പറഞ്ഞ് സമയം കളയുന്നില്ല. എന്നെ അത്യധികം വ്യാകുലപ്പെടുത്തുകയും, അമ്പരപ്പിക്കുകയും ചെയ്ത ഒരു സംഭവത്തിലേയ്ക്ക് കടക്കട്ടേ. സത്യൻ പ്രശസ്തനായി. പുതിയ കാർ വാങ്ങി. മണക്കാട്ട് ഒരു പുതിയവീട് പണിതു. മദ്രാസിൽ ഒരു ഫ്ളാററ് വാങ്ങിയതിന് 'സുരഭി' എന്ന് പേരിട്ടു.

ഞാനും പഠിത്തം കഴിഞ്ഞ് ആകാശവാണിയിൽ ജോലി സ്വീകരിച്ചു. അതും കളഞ്ഞിട്ട് പബ്ലിക് റിലേഷൻസ് വകുപ്പിൽ ചേർന്നു. സത്യൻ തന്നെ എനിക്ക് APN രജിസ്ട്രേഷനുള്ള ഒരു പഴയ ഫിയററ് കാർ വാങ്ങി അയച്ചുതന്നു.

അന്നനെയിരിക്കെ ഒരുദിവസം രാത്രി സത്യൻ മദ്രാസിൽ നിന്ന് ഫോൺ ചെയ്തു പറഞ്ഞു. കെ. ജെ. ഹോസ്പിററലിൽ പോയി ഒരുബോട്ടിൽ രക്തം കുത്തിവച്ചെന്ന്. കേട്ടപ്പോഴ പരിഭ്രമം തോന്നി. എന്താ കാരണമെന്നു ചോദിച്ചപ്പോഴ, അവിടത്തെ ഡോക്ടർ പറഞ്ഞത്രെ! ഞാൻ ഉടൻതന്നെ എൻെറ സുഹൃത്തുകൂടെയായ ഡോക്ടർ ജഗദീശനു ഫോൺ ചെയ്തു. അദ്ദേഹം പറഞ്ഞവിവരങ്ങഴ ഞെട്ടിപ്പിക്കുന്നവയായിരുന്നു. പിറേറ ദിവസം തന്നെ ഞാൻ മദ്രാസ്സിലെത്തി. ഡോക്ടർ ജഗദീശനെ കണ്ടു അദ്ദേഹം പറഞ്ഞതനുസരിച്ച് തിരുവനന്തപുരത്ത് നിന്ന് ഡോക്ടർ പൈസാറിനേയും വെല്ലൂരിൽ നിന്ന് അവിടത്തെ റേഡിയോളജി പ്രൊഫസർ ഡോക്ടർ പത്മസിംഗിനേയും വരുത്തി. മദ്രാസ്സ് സ്ററാൻലി മെഡിക്കൽകോളേജിലെ കോർഡിയോളജി ഡയറക്ടർ ഡോക്ടർ കൃഷ്ണൻകുട്ടിയും വന്നു. ഷൂട്ടിംഗിന് പോയിരുന്ന സത്യനെ ഞാൻ പോയികൂട്ടിക്കൊണ്ടു വന്നു. (ആശുപത്രിയിലെ സന്നാഹങ്ങഴ കണ്ടപ്പോഴ സത്യൻ കാര്യമറിയാതെ വളരെ ക്ഷോഭിച്ചു)

X Ray, രക്തത്തിൻെറ പലവിധ ടെസ്ററുകഴ, ശരീരപരിശോധന എല്ലാം കഴിഞ്ഞ് ഡോക്ടർമാർ ആ ദുഃഖസത്യം സ്ഥിരീകരിച്ചു. സത്യന് ഒരു പ്രത്യേകതരം ബ്ലഡ് ക്യാൻസറാണെന്ന്. പക്ഷേ അക്കാര്യം സ്പഷ്ടമായി സത്യനോട് പറഞ്ഞില്ല. രക്തത്തിന് ഒരു ചെറിയ തകരാറുണ്ട് എന്നു മാത്രമേ പറഞ്ഞുള്ളു.

പറയാത്തതിനുള്ള മുഖ്യകാരണം രോഗവിവരം അറിഞ്ഞാൽ സത്യൻ എങ്ങനെ പ്രതികരിക്കും എന്നുള്ള ഭയമായിരുന്നു.

ആദ്യകാലത്തൊക്കെ മാസത്തിൽ ഒരുകുപ്പിരക്തം കൊടുത്താൽ മതിയായിരുന്നു. ക്രമേണ അതിൻെറ കാലയളവ് കുറഞ്ഞുവന്നു. ഒടുവിൽ ആഴ്ചയിൽ ഒന്നും രണ്ടും കുപ്പിവരെ വേണ്ടിവന്നു. ഇതിനിടയിൽ അമേരിക്കയിൽ നിന്ന് വരുത്തിയ വിലകൂടിയ ഔഷധങ്ങളും കുത്തിവയ്ക്കുന്നുണ്ടായിരുന്നു.

ഒടുവിൽ ഒരുദിവസം സന്ധ്യകഴിഞ്ഞ് ഡോക്ടർ ജഗദീശൻെറ ഫോൺവന്നു. ''സത്യൻമാസ്ററർ വൈകിട്ട് സ്വയം കാറോടിച്ച് ഇവിടെവന്നു മുറിയിൽ കയറികട്ടിലിൽ വീണതോടെ ബോധം നഷ്ടപ്പെട്ടു. സ്ഥിതി അല്പം ഗുരുതരമാണ്. അദ്ദേഹത്തിൻെറ ഭാര്യയേയും കുട്ടികളെയും എത്രയുംവേഗം ഇവിടെ എത്തിക്കണം.

അഞ്ച്മിനിട്ട് കഴിയുംമുമ്പ് സത്യൻെറ അനിയൻ നേശൻെറ ഫോണുംവന്നു.

പിറേറന്നുതന്നെ സത്യൻെറ ഭാര്യയേയും കുട്ടികളേയും വിമാനം കയററിവിട്ടു. അതിനടുത്തതിൽ ഞാനും പൈസാറും തിരിച്ചു.

ഞങ്ങഴ അവിടെ എത്തുമ്പോഴ മണ്ണ് വാരിയിട്ടാൽ താഴെവീഴാത്തയത്ര ജനങ്ങഴ സത്യൻ വെൻറിലേററിലാന്ന് പൈസാർ നോക്കിയിട്ട് പറഞ്ഞു, 'ഇനി ഏതാനും മണിക്കൂർ മാത്രം.' വെളുപ്പിന്, നല്ലവനും മുശടനുമായ ആ മഹാപ്രതിഭ അന്തരിച്ചു.

ഹിന്ദു പത്രത്തിന്റെ വക ഒരു വിമാനത്തിലാണ് ഞങ്ങൾ ജഡവുമായി തിരുവനന്തപുരത്ത് എത്തിയത്. ഒരു മനുഷ്യ മഹാസമുദ്രം തന്നെയുണ്ടായിരുന്നു വിമാനത്താവളത്തിൽ, എല്ലാം കരഞ്ഞുവീർത്ത മുഖങ്ങൾ. വിമാനത്താവളത്തിൽ നിന്ന് മണക്കാട്ടുള്ള വീടുവരേയും അവിടെനിന്ന് പൊതുദർശനത്തിനുവച്ച ടൗൺഹാൾ വരെയുമുള്ള റോഡിന്റെ ഇരുവശവും ആബാലവൃദ്ധം ജനങ്ങൾ കണ്ണീരിൽക്കുളിച്ച് അന്ത്യദർശനത്തിന് അണിനിരന്നിരുന്നു.

പിറേറന്നുരാവിലെ 'സമയമാംരഥ' ത്തിൽക്കയറി ആ അന്ത്യയാത്ര അവസാനിച്ചു.

★

*With best compliments from:*

★

**VIJAYA PRESS**

**Vazhuthacaud,**

**Thiruvananthapuram-695014**

**Phone : 60562, 341047**

# സത്യൻ ഒരു സൌഹൃദസ്മരണ

—ഡോ: ശ്രീനി—

ആയിരത്തിതൊള്ളായിരത്തി അമ്പതുകളിലാണ് സത്യന്റെ പ്രശസ്തി വ്യാപകമായിത്തുടങ്ങിയത്. മലയാള സിനിമയുടെ മധുവിധു കാലഘട്ടമായിരുന്നുവല്ലൊ അത് ഉന്നതമൂല്യം പുലർത്തിയ പലചിത്രങ്ങ ൾ പ്രേക്ഷകരെ ഹരം പിടിപ്പിച്ചു. അവയിൽ മിക്കവയിലെയും മുഖ്യനടൻ സത്യനായിരുന്നു.

പോലീസ് ഇൻസ്പെക്ടറായാണ് സത്യനേശൻ ജീവിതമാർഗ്ഗം തേടിപ്പോയത്. എങ്കിലും ചെറുതിലെ നാമ്പുമുള്ച്ചിരുന്ന അഭിനയാവേശം നുള്ളിക്കളഞ്ഞില്ല. അമച്വർ നാടകവേദിയിൽ പലപ്പോഴും പ്രത്യക്ഷപ്പെട്ടിരുന്നു. വി. ജെ. ടി ഹാളിൽ അഭിനയിച്ച ഒരു നാടകത്തിൽ സത്യനെ കണ്ടതായി ഒരോർമ്മ ഇപ്പോൾ തീർച്ചപറയാനാകുന്നില്ല. ഏറെക്കഴിയും മുമ്പ് സത്യനെ നേരിട്ടുകാണാനും പരിചയപ്പെടാനും ഇടയായി. അത് കെ. ബാലകൃഷ്ണന്റെ കൗമുദി അങ്കണത്തിൻ വച്ചാണെന്നുതോന്നുന്നു.

എന്റെ ജീവിതത്തിലെ പല അനുഭൂതികൾക്കും മൂകസാക്ഷിയായത് കൗമുദി ആഫീസാണ്. സ്നേഹധനനായ കെ. ബാലകൃഷ്ണൻ ഉല്പന്നമാക്കാമായിരുന്ന മധുര വികാരതരംഗങ്ങൾ ആ വേദിയെ അവിസ്മരണീയമാക്കുന്നു. ബാലന്റെ സ്ഥിരം ഇരുപ്പിടമായ വരാന്തമുറിയിൽ വച്ചു അവിസ്മരണീയരായ പലരെയും പരിചയപ്പെടാനിടയായി. പല സാഹിത്യനായകന്മാരുടെയും പേരുകൾ ഓർമ്മവരുന്നു. പില്ക്കാലത്ത് നേതൃത്വാരോഹണം സാധിച്ച രാഷ്ട്രീയപ്രവർത്തകരും ഉണ്ട് ആ സംഘത്തിൽ. സ്നേഹത്തിന്റെയും സത്യസൗന്ദര്യങ്ങളുടെയും അന്തരീക്ഷം ക്രമേണ അവിടെ അന്യംനിന്നുപോയി. മദ്യലഹരിയും ബാലിശമായ അഹന്തയുടെ കഥയില്ലായ്മയും തളംകെട്ടിനിന്നു. ഒടുവിൽ, യുവചേതനയെ പുളകംകൊള്ളിച്ചുകൊണ്ടിരുന്ന കൗമുദിവാരിക ഇല്ലാതായി. ലീലാകാവ്യത്തിലെ മദനനെപ്പോലെ വികലബുദ്ധിയായ ഒരു നഷ്ടപ്രജ്ഞൻ അവിടെ ആവേശിച്ചു നിന്നു. ഒരുകാലത്ത് ചെറുപ്രായക്കാർക്ക് മാദകലഹരിയായിരുന്ന കെ. ബാലകൃഷ്ണൻ മരണം മാടിവിളിക്കും മുമ്പുതന്നെ മൃതനായികഴിഞ്ഞിരുന്നു.

സത്യനുമായുള്ള ആ നൈമിഷിക സൗഹൃദം ദൃഢമായ ഒരു ബന്ധമായി വളരാനുള്ള അസുലഭ ഭാഗ്യം യാദൃശ്ചികമായി കൈവന്നു. പട്ടം ഗ്രാമൂട്ടിൽനിന്നും മസ്കററ് ഹോട്ടൽ പരിസരത്തേയ്ക്കുപോകുന്ന ലോവർ പട്ടം ഒൺവെറോഡിലെ ഒരു ചെറിയ വാടകവീട്ടിൽ ഞാൻ താമസമായി. റോഡിന്റെ ഇടതുവശത്തായി താഴ്ചയിൽ രണ്ടുതട്ടുള്ള ഒരുകൊച്ചുഓടിട്ട കെട്ടിടത്തിലാണ് എന്റെ വാസം. അല്പംകൂടിമുന്നിലായി വലതോട്ട് ഒരു ഇടവഴിയുണ്ട്. അത് അവസാനിക്കുന്ന വീട്ടിലായിരുന്നു അന്നു സത്യൻ താമസിച്ചിരുന്നത്. മിസ്സിസ് സത്യന്റെ കുടുംബവീടാണെന്നു തോന്നുന്നു. അന്നും സർവീസിലുണ്ട്. അധികംനാൾ കഴിയുംമുമ്പുതന്നെ മുഴുവൻ സമയ സിനിമാതാരമായി. മൂന്നുകൊച്ചു ആൺമക്കളും ഭാര്യയും ബന്ധുക്കളും ഉൾക്കൊണ്ട സംതൃ

പ്തമായ കുടുംബമായിരുന്നു അത്. മിസ്സിസ് സത്യൻ ഹൈസ്കൂൾ അദ്ധ്യാപികയായിരുന്നു. പരിചയം വളർത്തി ഞങ്ങൾ കുടുംബസുഹൃത്തുക്കളായി.

അക്കാലത്ത് മിക്കദിവസവും സത്യനെ അടുത്തോ അല്ലാതെയോ കാണാനിടവരും. അദ്ദേഹത്തിനു നീലനിറമുള്ള ഒരുചെറിയ പഴയകാറുണ്ടായിരുന്നു. അന്നൊക്കെ നഗരത്തിൽ കാറുകൾ വളരെ കുറവായിരുന്നുവല്ലൊ. സ്വന്തമായി കാറുള്ളവർ അധികമില്ല. പഴയതായാലും കാർ ഒരു സ്ററാററസ് സിംബൽ തന്നെയായിരുന്നു. നല്ല ഒരു സൈക്കിൾ വാങ്ങുന്നതുപോലും അന്ന് അമിത വ്യയമാണ്. മൂന്നുനാലുവർഷങ്ങൾ കഴിഞ്ഞുമാത്രമാണ് ഒരുപുതിയ ഇംഗ്ലീഷ്റാലി സൈക്കിൾ വാങ്ങാൻ എനിക്കു സാമ്പത്തിക സൗകര്യമുണ്ടായത്. പുകവമിച്ച്, തുമ്മിയും ചീററിയും സത്യൻെറ കാലഹരണപ്പെട്ട കൊച്ചുശകടം ഉരുണ്ടുനീങ്ങുന്നത് ജിജ്ഞാസയോടെ ഞാൻ പലപ്പോഴും നോക്കി നിന്നുപോയിട്ടുണ്ട്. അല്പം അസൂയയും തോന്നിക്കാണണം. നൂൽക്കനമുള്ള മേൽമീശയുടെ താഴെ പുഞ്ചിരി തത്തിക്കളിക്കുന്ന ചുണ്ടുകൾ അല്പമൊന്നുവിടർത്തി, മന്ദസ്മേരമന്ദാക്ഷനായി കാറോടിച്ചുപോകുന്ന സത്യനെ ഞാനിപ്പോഴും കൺമുമ്പിൽ കാണുന്നു. പഴയകാറല്ലെ ? ചിലപ്പോൾ മ്ലാനമായി, ക്ലേശനിർഭരമായും മുഖം കണ്ടിട്ടുണ്ട്. ചില്ലറ പണിമുടക്കുകളൊക്കെ പ്രതീക്ഷിക്കാവുന്നതാണല്ലോ. സ്ററാർട്ടിങ് ട്രബിളും ഉണ്ടാകും. അപ്പോൾ ഹാൻഡിൽ കറക്കണം. നെററിചുളിക്കും, ക്ലേശാനുഭവം മുഖത്തെ കരുവാളിപ്പിക്കും. സന്തോഷവും സന്താപവും മാറിമാറി സത്യസന്ധതയോടെ, ആത്മാർത്ഥതയോടെ, പ്രതിജ്ഞാബദ്ധതയോടെ ആ മുഖത്തു പ്രതിബിംബിതമാകുന്നത് ഞാൻ വിഭാവന ചെയ്യുന്നു.

ചിരിയും കരച്ചിലും, കറുപ്പും വെളുപ്പും ജീവിതത്തിലെ അനിവാര്യമായ വിരുദ്ധസ്വരൂപങ്ങളാണല്ലൊ. ഇരുട്ടിൻെറയും വെളിച്ചത്തിൻെറയും ആലക്തിക ശക്തികളോട് നിർമ്മലമായി പ്രതികരിക്കുക, സമചിത്തതയോടെ അവയെ അഭിവീക്ഷിക്കുക- അതാണ് പരിണിത പ്രജ്ഞന് കരണീയം. ധീരനും കർമ്മനിരതനുമായ സത്യന് അതിനുള്ള കഴിവു നേരത്തെ സ്വായത്തമായിരുന്നു. തൻെറ ഔദ്യോഗിക ജീവിതത്തിൽ അതു വളരെ അനുപേക്ഷണീയവുമായിരുന്നുവല്ലൊ. കലയുടെ ലോകത്തിലേക്കും ആ പ്രതികരണകൗശലം വിന്യസിക്കാൻ കഴിഞ്ഞു. ഒരു നടൻ എന്ന നിലയിൽ സത്യൻെറ വിജയരഹസ്യവും അതുതന്നെ. ആഴമുള്ള കഥാപാത്രങ്ങളെ ആത്മാർത്ഥതയോടും അനന്യസുലഭമായ സാക്ഷാത്കാര കൗതുകത്തോടും കൂടി രംഗത്തവതരിപ്പിക്കുന്നതിന് സത്യൻ അതീവ സമർത്ഥനായിരുന്നു. "യാഥാർത്ഥ്യത്തിൻെറ സമ്പൂർണ്ണ വ്യാമോഹം" പ്രേക്ഷകരിലുണർത്താൻ അതു സഹായിച്ചു. ചെയ്യുന്നതിലെല്ലാം ആത്മാർത്ഥത, സത്യസന്ധത ഇതാണ് സത്യൻെറ സവിശേഷതയായി എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞത്. കഥാപാത്രമായി നൂറുശതമാനം ഇഴുകിച്ചേരാനും അതിൻെറ അപാരമായ വികാരസംവേദന സാധ്യതയെ ചൂഷണംചെയ്യാനും പ്രേക്ഷകരിലെ വിരുദ്ധ ചിന്തകളുടെ വിരേചനത്തിലൂടെ സമനിലയും ശാന്തിയും കൈവരുത്താനും കഴിയുന്ന അഭിനയചാതുരിയുടെ പുരസ്കർത്താവായിരുന്നു സത്യൻ.

സത്യൻ അഭിനയിക്കുന്ന ചിത്രങ്ങൾ കാണാൻ അന്നൊക്കെ ആകാംക്ഷയോടെ ഞങ്ങൾ കാത്തിരിക്കുമായിരുന്നു. ഒരിക്കലും നിരാശപ്പെടേണ്ടിവന്നിട്ടില്ല. ചെമ്മീൻ, ഓടയിൽനിന്ന് തുടങ്ങിയ കലാസൃഷ്ടികൾ വെള്ളിത്തിരയിൽ സത്യൻെറ അനുപമ

മായ അഭിനയചാതുരിയോടെ സംക്രമിക്കപ്പെടുമ്പോൾ, പ്രേക്ഷകർക്ക് അത് അവിസ്മരണീയമായ അനുഭൂതിയായി രൂപാന്തരപ്പെടുന്നു. അക്കാലങ്ങളിൽ ജനപ്രീതി നേടിയ ഈടുററ നോവലുകളും കഥകളുമാണ് സിനിമയാക്കപ്പെടുന്നത്. സത്യൻെറ വിജയത്തിനും പ്രശസ്തിക്കും ആ പ്രതിഭാസം അനുഗുണവും സഹായകവുമായി എന്നു തീർച്ച. മറിച്ച്, പല നോവലുകൾക്കും കൂടുതൽ പൊതുജനപ്രീതി നേടിക്കൊടുത്തതും സത്യനാണെന്നു വേണമെങ്കിൽ അവകാശപ്പെടാവുന്നതാണ്. സത്യനിലൂടെ പല കഥാപാത്രങ്ങളും അനശ്വരരായിട്ടില്ലെ ? ഇന്നും നല്ല സിനിമകൾ ഇല്ലെന്നല്ല. എൻെറ തലമുറക്ക് അവയിലുള്ള താല്പര്യം സ്വാഭാവികമായി ഇല്ലാതായിരിക്കില്ലെ ? സമകാലീനരായ കലാപ്രതിഭകളെപ്പററി അനാസ്ഥയും അജ്ഞതയും സംജാതമാകുന്നത് അസ്വാഭാവികമല്ലല്ലൊ. അസ്മാദൃശർ ഗൃഹാതുരതയോടെ കഴിഞ്ഞകാലങ്ങളെ ഓർക്കുന്നു സ്മരണകൾ അയവിറക്കുന്നു. പണ്ടത്തെ ആ പ്രതീക്ഷാനിർഭരതയാർന്ന വസന്താഗമനത്തിൽ, ഓർമ്മകൾക്ക് നൈവേദ്യം പകർന്നുകൊണ്ട്, ഉജ്വലിച്ചു നില്ക്കുന്നത് സുഹൃത്തായ സത്യനാണ്. നാടകരംഗത്ത് ഓർക്കുക അക്ബർ ശങ്കരപ്പിള്ളയും ഓച്ചിറ വേലുക്കുട്ടിയുമാകും! അതുപോലെ വെള്ളിത്തിരയുടെ കിന്നിരിത്തൊപ്പിയണിഞ്ഞ ഗന്ധർവലോകത്തിൽ, നിത്യഭാസുരനക്ഷത്രം പോലെ അന്തരംഗത്തിൽ നിറഞ്ഞുനില്ക്കുന്നത് സത്യനാണ്, എന്ന് അവകാശപ്പെടുമ്പോൾ, അന്നോ പില്ക്കാലത്തോ അനുപമരായ നടന്മാർ ആനന്ദനൃത്തം ചവിട്ടി അനുഗ്രഹിച്ചില്ല അഭിനയലോകത്തെ എന്നല്ല ഉദ്ദേശിക്കുക. സത്യനെ അതുല്യനും അനന്യനുമായ ഒരോർമ്മയായി പ്രതിഷ്ഠിച്ച് ആരാധിക്കാനുള്ള സ്വാർത്ഥമോഹം മാത്രമായിരിക്കാം അതിനു പിന്നിൽ. ആ സ്വകാര്യപ്രേരണയെ നിഷേധിക്കാനോ ചോദ്യംചെയ്യാനോ ആർക്കും അവകാശമില്ലല്ലൊ. സ്വന്തം സുഹൃത്തിനെ തികച്ചും തൻേറതെന്നുമാത്രം കരുതി ഹൃദയപേടകത്തിൽ നിഗൂഹനം ചെയ്തു. ആനന്ദംനുകരാൻ ഒരുവ്യക്തിക്കുള്ള അനുഷേധ്യമായ സ്വാതന്ത്ര്യവും അവകാശവും അംഗീകരിക്കപ്പെടുക തന്നെവേണം.

സത്യൻ ഒരു വി. ഐ. പിയായ സംഭവവും ഓർക്കുന്നു. അത് എൻെറ വിവാഹ ദിനത്തിലാണ്. നാല്പതു വർഷങ്ങൾ തികയാറാവുന്നു. നീലനിറമുള്ള കാലഹരണപ്പെട്ട കൊച്ചുശകടത്തിൽ സത്യൻ അവിടെഎത്തി. നൂറോളം മൈൽ അകലെ, കായംകുളത്തിനടുത്ത് ചെട്ടികുളങ്ങരയിൽ. വഴിയിൽ വണ്ടി കടന്നുപോയിട്ടുണ്ടാവാം. അതിലൊന്നും പുതുമയില്ല. ആത്മവിശ്വാസം ശ്വസിക്കുന്ന പൂപ്പുഞ്ചിരിയുമായിതന്നെ വിവാഹപ്പന്തലിലേക്ക് കടന്നുവന്നു. ജനങ്ങളുടെ കണ്ണുകൾ വിടർന്നു. അവരുടെ പ്രിയംകരനായ സത്യൻ മുന്നിൽ അവതരിച്ചുനില്ക്കുന്നു - 'സത്യൻ' 'സത്യൻ' ആശ്ചര്യത്തിൻെറ കുമിളകൾ കണ്ഠങ്ങളിൽ നിന്നുപൊട്ടിയുയർന്നു. അതീവ ഹൃദ്യമായിരുന്നു ആ സ്വാഗതമർമ്മരം. ജഡ്ജിമാരും ചീഫ്ജസ്ററീസും അഭിഭാഷകരും ഉന്നതോദ്യോഗസ്ഥരും പ്രഫസ്സറന്മാരും വന്ദ്യരായ ജനനേതാക്കളും അവിടെ ഇരിപ്പുണ്ട്. അവർ കുറഞ്ഞൊരുനേരം വിസ്മരിക്കപ്പെട്ടു. നിമിഷങ്ങൾ തരിച്ചുനിന്നു. ആ കാലഘട്ടത്തിൽ സത്യനെന്ന അഭിനയചതുരൻെറ പ്രശസ്തി നാട്ടിൻപുറങ്ങളിൽ പോലും പുളകം ഉതിർത്തുകഴിഞ്ഞിരുന്നു.

പ്രശസ്തിയിൽ നിന്നും പ്രശസ്തിയിലേക്കു സത്യൻ അനുദിനം കുതിച്ചുകൊണ്ട്, നിരവധി മാസ്ററർ പീസുകൾ അദ്ദേഹം കാഴ്ചവച്ചു. അപൂർവ്വവും അത്യ

ന്തം ആസ്വാദികവുമായ ഒരു അഭിനയശൈലിയുടെ പേററൻറ് സ്വായത്തമാക്കിക്കഴിഞ്ഞു. ആ അതുല്യപ്രകീയകണ്ട് കൃതാന്തൻ തന്നെ അസൂയാലുവായോ? ഏതായാലും ഉഗ്രമായി ആഞ്ഞടിച്ചു. അപ്രതീക്ഷിതമായ പ്രഹരം. വിലപ്പെട്ട ആ ജീവൻ അപഹരിക്കപ്പെടുകയായി. ക്രൂരമായ വിധി ആർത്തട്ടഹസിച്ചു. മലയാള സിനിമാവേദി അനാഥമായി. മികവുററ ആ നാട്യാചാര്യൻ നമുക്കു നഷ്ടപ്പെട്ടു. സവിശേഷവ്യക്തിത്വത്തെ പുനരുജ്ജീവിപ്പിച്ച് അവതരിപ്പിക്കാനുള്ള സർഗ്ഗാത്മക വൈഭവം അനാഥമായി, ആ തലമുറക്ക് കിട്ടിയ ഒരുഗ്ര പ്രഹരമായിരുന്നു അത്. വെള്ളിയലുക്കിട്ട ഓർമ്മകളായി സത്യൻ അവശേഷിച്ചു. സുഹൃത്തുക്കളുടെയും ആരാധകരുടെയും മുഗ്ദസ്മരണകളുടെ ജലധാരയായി അനശ്വരതയിലേക്കുയർന്നു.

സത്യൻെറ കുടുംബവുമായുള്ള എൻെറ മമത പിന്നെയും വർഷങ്ങളോളം നിലനിന്നു. അദ്ദേഹത്തിൻെറ പുത്രന്മാരുടെ ഗുരുനാഥനാകാൻ എനിക്കവസരം ലഭിച്ചു. കാലത്തിൻെറ അനിവാര്യമായ ചലനം എല്ലാം ക്രമേണ അന്യഥാവൽക്കരിക്കുന്നു എല്ലാററിനെയും എല്ലാവരെയും അകററി ഒററപ്പെടുത്തുന്നു. ഒടുവിൽ എകാന്തതയുടെ ഭീകര വനമദ്ധ്യത്തിൽ ഒരുവൻ അകപ്പെടുകയായി. പിന്നെ ഇല്ലാതാകുന്നു. എല്ലാം ശൂന്യം. പക്ഷെ സത്യൻ അനശ്വരതയെ പരിരംഭണംചെയ്തു. കലയുടെ, സൗന്ദര്യത്തിൻെറ, ഭാവനയുടെ അഭിനയചാതുരിയുടെ സ്മരണാമണ്ഡലത്തിൽ, സത്യൻെറ കനകച്ചിലങ്കയുടെ കിലുകിലുക്കം വല്ലപ്പോഴുമെങ്കിലും അനുരണമുളവാക്കാതിരിക്കില്ല. നമ്മുടെ സംസ്കാര പൈതൃകത്തിൻെറ മണികിലുക്കത്തിനിടയിൽ അഭിനയഗന്ധർവനായ സത്യത്തിൻെറ മാധുര്യമിഴുകിച്ചേർന്ന മന്ദഹാസം ചിലപ്പോഴെങ്കിലും ഓർമ്മകളുടെ വിദ്യുൽലതികകൾ ഉല്പന്നമാക്കുന്നുണ്ടാവും.

# സത്യൻ എന്ന തൻേറടി

പി. ആർ. സുകുമാരൻ

ജീവിതകാലം മുഴുവൻ സത്യൻ ഒരു തൻേറടിയായിരുന്നു. ആ മഹൽവ്യക്തിയുടെ ജീവിത വിജയരഹസ്യവും അതുതന്നെയായിരുന്നില്ലെ?

അദ്ധ്യാപകനായിട്ടാണു ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ആ ഉടുപ്പുതനിക്കു ചേരുന്നതല്ലാന്നു തോന്നിയ നിമിഷത്തിൽ അതു വലിച്ചെറിഞ്ഞ് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കാൻ പട്ടാളത്തിൽ ചേർന്നു. തിരികെവന്ന് തിരുവിതാംകൂർ പോലീസിൽ ഒരിൻസ്പെക്ററായി.

അക്കാലത്താണു അമേച്വർ നാടകവുമായി ബന്ധപ്പെടുന്നത്. പിന്നീടു സിനിമയിൽ അഭിനയിച്ചു. ആദ്യത്തെ സംരംഭമായ "ത്യാഗസീമ" വെളിച്ചം കണ്ടതുപോലുമില്ല. ഇന്നത്തെ നിലവച്ചു നോക്കുമ്പോൾ എത്രയോ തുശ്ചമായ പ്രതിഫലമാണു അന്നുകിട്ടിയിരുന്നത്. തന്നെയുമല്ല വിരലിൽ എണ്ണാവുന്ന ചിത്രങ്ങളേ തീയേററിൽ പ്രദർശനത്തിനു എത്തിയിരുന്നുള്ളു. ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെ സമൂഹം മുഴുവൻ മാന്യത കല്പിക്കുന്ന, നല്ലഭാവിയുള്ള പോലീസ് ഇൻസ്പെക്ററർ ജോലി വലിച്ചെറിഞ്ഞാണു സത്യൻ സിനിമാലോകത്തിൽ എത്തിച്ചേർന്നത്.

താൻ അഭിനയിച്ച 'ആത്മസഖി' മുതലുള്ള മിക്ക ചിത്രകഥാപാത്രങ്ങളും തൻേറടികളായിരുന്നു. ചെമ്മീനിലെ പഴനി, അനുഭവങ്ങൾപാളിച്ചകളിലെ ചെല്ലപ്പൻ, ഓടയിൽനിന്നിലെ പപ്പു, കടൽപാലത്തിലെ രഘുവും, പിതാവും (ഡബിൾറോൾ) മുടിയനായ പുത്രനിലെ രാജൻ, എന്നുവേണ്ട നിരവധി കഥാപാത്രങ്ങളെ പ്രശംസനീയമായ രീതിയിൽ അഭിനയിക്കാൻ സത്യനു കഴിഞ്ഞിട്ടുണ്ട്. ആ കഥാപാത്രങ്ങളിൽ എല്ലാം തന്നെ സത്യൻെറ സ്വതസിദ്ധമായ തൻേറടവും, വ്യക്തിത്വവും, നിറഞ്ഞുനില്ക്കുന്നതുകാണാം.

കൺമണി ഫിലിംസിൻെറ ചെമ്മീൻ ഷൂട്ടിംഗിനിടയിൽ തിരമാലയിൽ അകപ്പെട്ടു വള്ളംമുങ്ങി. സത്യനുൾപ്പെടെ പല നടീനടന്മാരും പ്രവർത്തകരും വെള്ളത്തിനടിയിലായി. ക്യാമറാ മുതലായ സാധനങ്ങൾ നഷ്ടപ്പെട്ടു. ആ അപകടത്തിൽ നിന്നും കഷ്ടിച്ചു രക്ഷപ്പെട്ട് സത്യൻ കാറോടിച്ച് തിരുവനന്തപുരത്തേക്കു പോകുന്ന വഴി കാർ, ഒരു ഇലക്ട്രിക്ക് പോസ്ററിൽ ഇടിച്ച് വീണ്ടും അപകടം ഉണ്ടായി. സത്യൻ അതൊന്നും വകവയ്ക്കാതെ മനഃസാന്നിദ്ധ്യത്തോടെ, കാറോടിച്ച് ലക്ഷ്യസ്ഥാനത്തെത്തി.

സിനിമയിലെ ചാൻസിനുവേണ്ടി നിർമ്മാതാവിൻേറയും, സംവിധായകൻേറയും കാലുപിടിക്കുന്ന പണിയും സത്യനറിയില്ലായിരുന്നു. അവിടേയും സത്യൻ ആൾക്കൂട്ടത്തിൽ ഒററയാൻ ആയിരുന്നില്ലേ? പ്രൊഡ്യൂസറന്മാരിൽ നിന്നും താൻ ചെയ്ത

കേരളാ സ്റ്റേറ്റ് ഹാൻറ്‌ലൂം വീവേഴ്സ്
കോ–ഓപ്പറേററീവ് സൊസൈററി ലിമിററഡ്,
തിരുവനന്തപുരം

## ഹാൻറക്സ്

ഏററവും മികച്ച കൈത്തറി
തുണികൾ

നിത്യജീവിതത്തിനും
വിശേഷ വേളകൾക്കും ഇണങ്ങുന്ന
കൈത്തറി വസ്ത്രങ്ങളുടെ
വർണ്ണശാല

സർക്കാർ ജീവനക്കാർക്ക് തവണ വ്യവസ്ഥ

കേരളത്തിലും അയൽ സംസ്ഥാനങ്ങളിലുമായി
200 ൽപ്പരം വില്പനശാലകൾ

റെഡിമെയ്ഡ് വസ്ത്രങ്ങൾ

കേരളാ സ്റേററ് കൈത്തറിനെയ്ത്ത്
സഹകരണസംഘം ക്ലിപ്തം,
തിരുവനന്തപുരം - 695 001.

ജോലിക്കു കണക്കുപറഞ്ഞുവാങ്ങുന്ന കാര്യത്തിലും സത്യൻ തൻേറടിയായിരുന്നു. അഹങ്കാരികളെ അഹങ്കാരം കൊണ്ടുനേരിടാനുള്ള തൻേറടവും സത്യനുണ്ടായിരുന്നു. അദ്ദേഹത്തെ എല്ലാവർക്കും സ്നേഹമായിരുന്നു, ബഹുമാനമായിരുന്നു.

ആലുവ അജന്താ സ്ററുഡിയോയിൽ 'മുടക്കിരീടം' എന്ന ചിത്രത്തിൻെറ ഷൂട്ടിംഗ് നടക്കുന്ന സമയം. പെരുമ്പാവൂർ ഫൈൻആർട്ടസ് സൊസൈററിയുടെ ഒരു രാത്രി പരിപാടിയ്ക്കു സത്യനെ ഞങ്ങൾ മാനേജിംഗ് കമ്മിററിക്കാർ ക്ഷണിച്ചു. രാത്രി പരിപാടിയായതുകൊണ്ടു എന്താഹാരമാണു ഞങ്ങൾ തയ്യാറാക്കേണ്ടതെന്നു ചോദിച്ചപ്പോൾ ''നിങ്ങളൊക്കെ കഴിക്കുന്ന ആഹാരം ഞാനും കഴിക്കുമെന്നു'' വിനയത്തോടെ സരസമായി മറുപടിപറഞ്ഞു. പക്ഷെ നിർഭാഗ്യവശാൽ സത്യനു ആ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. തൻെറ അസൗകര്യം നേരത്തേതന്നെ മദ്രാസിൽനിന്നും ടെലഗ്രാം ചെയ്തറിയിച്ചു. സത്യനുപകരം, ഉന്നതനായൊരു നടൻ ആലുവ പാലസിൽ ഉണ്ടെന്നറിഞ്ഞ് ഞങ്ങൾ അവിടെയെത്തി ആവശ്യം അറിയിച്ചു. അദ്ദേഹം ക്ഷണം സന്തോഷത്തോടെ സ്വീകരിച്ചെങ്കിലും, തനിക്കും കൂടെ പങ്കെടുക്കാൻ വരുന്ന നടിക്കും 'വെസ്റേറൻ ഫുഡ്' വേണമെന്നു പറയുകയുണ്ടായി. ഇവിടെയാണു സത്യനെ മനസ്സിലാക്കേണ്ടത്. സത്യൻ തൻേറടിയായിരുന്നുവെങ്കിലും, വിനയത്തിൻേറതായ ഒരു മുഖം കൂടി ഉണ്ടായിരുന്നുവെന്നതിനു ഉദാഹരണമാണിത്.

ഗുരുതരമായ രോഗം തന്നെ ഗ്രസിച്ചിരുന്നപ്പോഴും മററാരേയും അറിയിക്കാതെ അതു പരമരഹസ്യമായി സൂക്ഷിക്കാനുള്ള കഴിവ് മററാർക്കാണുണ്ടാകുക ? മരണം മുന്നിൽ കണ്ടപ്പോൾ സത്യൻ പതറിയില്ല. മദ്രാസിലെ സ്വാമീസ് ലോഡ്ജിലെ തൻെറ സ്ഥിരം താവളമായ ആറാം നമ്പർ മുറിയിൽ നിന്നും മരണത്തെവരിക്കാൻ, ആശുപത്രിയിലേക്കു കാറോടിച്ചുപോയി അഡ്മിററു ചെയ്യിക്കാനുള്ള തൻേറടവും സത്യൻ കാണിച്ചു.

മരണം വരെ അസാമാന്യമായ ധൈര്യവും വ്യക്തിത്വവും പ്രകടമാക്കിയ അനശ്വരനായ കലാകാരൻ സത്യൻ, എന്നും, എന്നും, പച്ചപിടിച്ച ഓർമ്മകളുമായി നമ്മുടെ മനസ്സിൽ നിറഞ്ഞുനില്കും.

# വാത്സല്യനിധിയായ ഞങ്ങളുടെ പപ്പ

—സതീഷ് സത്യൻ—

പ്രഗല്ഭനായ ഒരു നടൻ എന്നതിലുപരി, ലോകത്തിലെ ഏററവും വാത്സല്യനിധിയായിരുന്ന ഒരച്ഛനായിരുന്നു ഞങ്ങളുടെ പപ്പ. പലർക്കും അത്ഭുതവും, കൗതുകവും തോന്നാവുന്ന ഒരു ബന്ധമായിരുന്നു ഞങ്ങളുടേത്.

തികച്ചും തിരക്കേറിയ ആ അഭിനയചക്രവർത്തി തന്റെ ഭാര്യയോടും കുഞ്ഞുങ്ങളോടും നിരന്തരമായി ടെലിഫോണിലൂടെയും, കത്തുകളിലൂടെയും ദിവസേന ഞങ്ങളുടെ കുടുംബത്തിലെ സുഖ ദുഃഖങ്ങൾ പങ്കിടുമായിരുന്നു. സ്കൂളിലും, കോളേജിലും പഠിച്ചിരുന്ന ഞങ്ങളുടെ കത്തുകളിലെ തെററുകൾ കൃത്യമായി തിരുത്തി അപ്പോഴപ്പോൾ വിലയേറിയ പല ഗുണപാഠങ്ങളും നിറഞ്ഞ കത്തുകൾ ഞങ്ങൾക്കോരോരുത്തർക്കും ലഭിച്ചിരുന്നു. എത്ര തിരക്കുണ്ടെങ്കിലും ഒരു ദിവസത്തെ വിശ്രമം കിട്ടിയാൽ അപ്പോൾ തന്നെ തിരുവനന്തപുരത്ത് ഞങ്ങളുടെ വീട്ടിലെത്തുമായിരുന്ന അദ്ദേഹം ഞങ്ങളുടെ പഠനകാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. പപ്പ വീട്ടിൽ വരുന്ന ദിവസങ്ങൾ ഞങ്ങൾക്ക് ഒരുത്സവ ലഹരിതന്നെയായിരുന്നു. പതിവുപോലെ ഒരു ക്രിസ്തുമസിന് മദ്രാസിൽ നിന്ന് തിരുവനന്തപുരത്തേയ്ക്കുള്ള ഫ്ളൈററ് മിസ് ചെയ്തിട്ടും മദ്രാസിൽ നിന്നും തിരുവനന്തപുരത്തേക്ക് ഒററയ്ക്ക് കാറോടിച്ച് ക്രിസ്തുമസ് ദിവസത്തിൽ അതിരാവിലെ വീട്ടിലെത്തിയ സംഭവം ഇന്നെന്നപ്പോലെ ഞാനോർക്കുന്നു. വീടും, പരിസരവും ശുചിയാക്കി വയ്ക്കാനും, അലങ്കരിച്ച് വയ്ക്കാനും പപ്പ കാട്ടിയിരുന്ന താത്പര്യം മാതൃകാപരമാണ്. വീട്ടിലെത്തുന്ന പപ്പ വീട്ടിലെ എന്തുജോലിയും ചെയ്യാൻ ഒരുമടിയും ഉണ്ടായിരുന്ന ആളായിരുന്നില്ല എന്നുമാത്രമല്ല കക്കൂസ് കഴുകുന്നതുമുതൽ എല്ലാ ജോലിയും ചെയ്ത് ഞങ്ങൾക്ക് ഒരു മാതൃക കാട്ടിയിരുന്നു. പപ്പ എപ്പോഴും പറയുന്ന ആ വാക്കുകൾ ഞാനിപ്പോഴും ഓർക്കുന്നു, ഏതു ജോലിക്കും അതിന്റേതായ അന്തസ്സുണ്ടെന്നും, ജോലി ചെയ്യുന്നതിൽ ഒരു അപമാനമില്ലെന്നും, വീടും, പറമ്പും ശുചിയായി വയ്ക്കുന്നതിനു മാത്രമല്ല പല പല കാര്യങ്ങളിലും അദ്ദേഹം മാതൃകാപരമായ ഒരച്ഛനായിരുന്നു. സത്യസന്ധതയിലും, കൃത്യനിഷ്ഠതയിലും, കൃത്യനിർവഹണത്തിലും തികഞ്ഞ ഒരുമാതൃകാ പുരുഷനായിരുന്നു അദ്ദേഹം.

കയ്പേറിയ മരുന്ന് കഴിച്ചു എന്നുകള്ളംപറഞ്ഞതിന് മുററത്ത് പേരക്കമ്പുക്കൊണ്ടു തല്ലിയ പപ്പയെ, ഒൺവേയിൽ കൂടി സൈക്കിൾ ചവിട്ടിയതിന് വാൽട്യൂബ് ഊരിയ പപ്പയെ, അഞ്ചുമിനിട്ടു താമസിച്ചാൽ ദേഷ്യപ്പെടുമായിരുന്ന പപ്പയെ ഞാനിന്നും സ്നേഹത്തോടും, അഭിമാനത്തോടും, നന്ദിയോടും സ്മരിക്കുന്നു. സ്വന്തം മക്കളെക്കൊണ്ട് സിഗററും മദ്യവും മേടിപ്പിക്കുന്ന ചില പിതാക്കന്മാരുള്ള ഈ സമൂഹ

ത്തിൽ, ഇത്രയും പ്രഗല്ഭനായ ഞങ്ങളുടെ പപ്പയെ സിഗററ്റ് വലിച്ചുകൊണ്ടോ, മദ്യം കഴിച്ചുകൊണ്ടോ കണ്ടിട്ടേയില്ല, 7-ാം ക്ലാസ്സിൽ ഞാൻ പഠിക്കുമ്പോൾ, ആദ്യത്തെ N.C.C ക്യാമ്പിൽ പോകാനിറങ്ങിയ എന്നെ കാറോടിച്ച് സ്കൂളിൽ വിടുന്നതിനിടയിൽ തന്ന ഉപദേശം ഞാൻ മരിക്കുന്നതുവരെ മറക്കുകയില്ല. അന്ന് അദ്ദേഹം എന്നോടു പറഞ്ഞത് "മോനേ നീ പോകുന്ന ഈ N.C.C. ക്യാമ്പിൽ പല കുടുംബങ്ങളിൽ നിന്നും, പല പല സാഹചര്യങ്ങളിൽ വളർന്നുവന്ന അനേകം കുട്ടികൾ ഉണ്ടാകും. പക്ഷേ എപ്പോഴും ഒന്നുമാത്രം ഓർക്കുക 'ക്യാരക്ററർ ഈസ് ബ്യൂട്ടി'. "

ഇതിലൊക്കെക്കാളും ശ്രേഷ്ഠമായ ഒരു കാര്യം പപ്പയെകുറിച്ച് പറയുവാൻ എനിക്ക് അഭിമാനമുണ്ട്. പപ്പ ഞങ്ങളെ മൂവരെയും ജാതി, മത, ചിന്തകൾക്കുപരിയായിട്ടാണ് വളർത്തിയത്. ഞങ്ങളുടെ കൊച്ചുവീട്ടിൽ പപ്പയോ, മമ്മിയോ തമ്മിലോ അവർ മററുള്ളവരോടൊ ആരുടെയും ജാതിയോക്കുറിച്ചോ, മതത്തെക്കുറിച്ചോ ഒരു റഫറൻസ് പോലും ഉണ്ടായിട്ടില്ല. അതുകേട്ട് ഞങ്ങൾ വളർന്നിട്ടും ഇല്ല. വിവരം വച്ച് തുടങ്ങിയപ്പോൾ എല്ലാമതങ്ങളും ഒന്നാണന്നും, മനുഷ്യർക്ക് എല്ലാവർക്കുമായി ഒരു മനുഷ്യജാതി മാത്രമേ ഉള്ളു എന്നും ഞങ്ങളെ ബോധ്യപ്പെടുത്തി. തീകഞ്ഞ ദൈവവിശ്വസിയും രാജ്യസ്നേഹിയും ആയിരുന്ന പപ്പ ഞങ്ങൾക്ക് മാത്രമല്ല പലർക്കും. പലകാര്യങ്ങളിലും ഒരു മാതൃകാ പുരുഷൻ തന്നെയായിരുന്നു.

കാലയവനികയ്ക്കുള്ളിൽ മറഞ്ഞു എന്നറികിലും, അങ്ങ് ദൂരെയെവിടെയോ ഒരു സിനിമയുടെ ഷൂട്ടിങ്ങിന് പപ്പ പോയിരിക്കുകയായിരുന്നെങ്കിൽ എന്ന് ഞാൻ പലപ്പോഴും ആഗ്രഹിക്കുമായിരുന്നു.

(കവിത)

# ഓമൽ മുത്തേ

ഡോ. കടവിൽ ചന്ദ്രൻ

ഊണില്ലുറക്കമില്ല
നില്പില്ല കിടപ്പില്ല
ഇരിപ്പശേഷമില്ല
അന്നമ്മയ്ക്കച്ഛനല്ല.

നൽതൈല ലേപനം ചെയ്തും
ആപാദം സൂക്ഷിച്ചുതടവിയും
ഉൾച്ചിരിയടക്കിയാശ്വസിപ്പിച്ചും
തളർന്നു ചുടുനീർ കുളിപ്പിച്ചും.

തഴുകവേ മെല്ലെമെല്ലെയുദരം
കണ്ടേൻ നിന്റെയപ്പൊടിപൂരം
ഉമ്മവച്ചുനിൻ കപോലം ലോലം
പിന്നെയക്കാൽ കരജാലം.

കല്ലോലജാലം കളിക്കും കണക്കെ
കള്ളി തുള്ളിക്കളിക്കുന്നകമെ
കൽമഷമാകവെയകന്നകത്തെ
കമ്പിതമായെന്നകതാരാകവെ
നിന്നമ്മ വേദന കടിച്ചമർത്തവെ.

കേട്ടുകേട്ടങ്ങുറങ്ങി പണ്ടർജുനൻ
കേശവതന്ത്രം പദ്മവ്യൂഹം പൊളിക്കാൻ
മൂളിമൂളിക്കേട്ടത്തന്ത്രം തനയൻ
ഞെട്ടിനിറുത്തിയക്ഷണം കാർവർണ്ണൻ.

ഓർമ്മിച്ചച്ഛനക്കഥയോമനേ
ഓതിയാലനുസ്സരിക്കുമെന്നെന്മനം
നിൻ ചലനമറിവാൻ കൊതിച്ചുവീണ്ടും
നിന്നധരം ചേർത്തെൻ കാതുകൾ.


മന്ത്രിച്ചേൻ സാമോദം കർണ്ണത്തിൽ-
“വേച്ചുവേച്ചമ്മ ചുമക്കുന്നുദരത്തിൽ
ദേ ! നോവിക്കാതമമിണ്ണീയമ്മയെ
നിറുത്തുക ചവിട്ടും നിന്റെ തൊഴിയും
പുറത്തുവന്നിട്ടാകാം ചണ്ടിത്തരമാകവെ”.

ഹാ ! ശാന്തയായുത്തരം നീ
ശാന്തയായി നിന്നമ്മസ്വർണ്ണമ്മ
ഓണമൊമ്പതു കഴിഞ്ഞിട്ടും
ഓമൽമുത്തേ ചണ്ടിയാണുനീയിന്നും.

## സത്യൻ സ്മാരക ട്രസ്ററ് സാരഥികൾ




ശ്രീ. വി. തങ്കയ്യ



ശ്രീ. കെ. പി. കൃഷ്ണകുമാർ



സതീഷ് സത്യൻ



ശ്രീ. മഞ്ചൻപാറ രവി



ശ്രീ. കാവല്ലൂർ മധു



ശ്രീ. വി. കൃഷ്ണൻനായർ



ശ്രീ. പി. ആർ. സുകുമാരൻ



ശ്രീ. വഞ്ചിയൂർ ഗോപാലകൃഷ്ണൻ



ശ്രീ. സി. രാജേന്ദ്രൻ

### എക്സിക്യൂട്ടീവ് മെമ്പറൻമാർ

ഡോക്ടർ കടവിൽ ചന്ദ്രൻ, അഡ്വ: ജി. മുരളീധരൻ, ശ്രീ. വാഴിച്ചൽ പ്രഭാകരൻ, ശ്രീ. എൻ. ധർമ്മരാജ്, ശ്രീ. വൈ. വിജയൻ, ശ്രീ. കൈമനം കരുണാകരൻ നാടാർ, ശ്രീ. എം. എ. ഗഫൂർ, ശ്രീ. ജെ. സ്ററീഫൺസൺ, ഫാദർ ഡി. ഏലിയാസ്, ശ്രീ. വിദ്യാധരപണിക്കർ, ശ്രീ. കൈമനം സദാനന്ദൻ, ശ്രീ. കെ. തങ്കപ്പൻ, മൂന്നാംമുട്, ശ്രീ. നെടുങ്കാട് കെ. ശിവാനന്ദൻ, ഡോക്ടർ കെ. ജി ഭദ്രൻ.

*With best compliments from:-*

# JAYALEKSHMI

## FASHION JEWELLERS

**RAJADHANI BUILDING**
**FORT, TRIVANDRUM-23**
Phone : 460351, 78352.

---

# സൗഭാഗ്യ ഫർണിച്ചർ ഇൻഡസ്ട്രീസ്

**മണലയം, വട്ടിയൂർക്കാവ്, തിരുവനന്തപുരം–13.**
**Br. കഠിനംകുളം (മാവേലി സ്റ്റോറിന് സമീപം) കഴക്കൂട്ടം**

**ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം 5 വർഷ കാലാവധിക്ക് എല്ലാവിധ ഫർണിച്ചർ വസ്തുക്കളും വാങ്ങുന്നതിന് സമീപിക്കുക.**

പ്രൊപ്രൈറ്റർ
**ഡി. ലോറൻസ്**

NB: വാതിൽ, ജനൽ, വാം പാനൽ, ഡക്കറേറ്റീവ് ഡോർ മുതലായവ ഓർഡർ അനുസരിച്ച് ചെയ്തുകൊടുക്കുന്നതാണ്.

കവിത

# എന്റെ മടിയിൽ

പറവൂർ ഉണ്ണികൃഷ്ണൻ

ഇടനെഞ്ചു പൊട്ടുന്നു കൈകളും കാൽകളും
തുറന്നു, തേങ്ങാൻ, ഒരു കദനത്തിന്റെ
കരിമുകിൽ മാലയായ് നിന്നു പെയ്തീടുവാൻ,
അരികിലായ് മേവുമീ നീല സരോവര—
മവരുവാൻ ജീവിതത്തെയൊടുക്കുവാൻ
കൊതിയേറെയുണ്ടെനിക്കെങ്കിലും ഇപ്പോഴും
വെടിയില്ലഭാവം, ഗഭീരനി നാദവും
ഇവിടെയീ കാടിന്റെ അധികാരിയാരിനി ?
കുളിർകാററു വന്നെന്നെ ഉമ്മവച്ചീടുന്നു
മുതുകിൽ തലോടി തുടരുന്നു സൗഹൃദം
അകലെ, ആ പച്ച മാറാപ്പേററു നില്ക്കുന്ന
മരുവിന്റെ ചോട്ടിൽ എൻ പൈതലും യായയും,
ഇണയെവിടെ ? എങ്ങോട്ടുപോയെന്റെ
കാന്തനെന്നു ഇടനെഞ്ചു പൊട്ടി പിടഞ്ഞിടും മാത്രയിൽ
ഇവിടെത്തടവിലായ, എന്റെ സ്വാതന്ത്ര്യങ്ങരം
എരിയും ചിതയിലായ്, നിങ്ങരം വളർത്തുമോ ?
ആരാടി നീരാടി വന്നു നീ കൌതുകർ
ആരാണിവിടെ കിടപ്പെന്നു കാണുവാൻ
ഒന്നു ഗർജ്ജിച്ചു ഞാൻ, ഒന്നു മുരണ്ടു ഞാൻ
ഒന്നെൻ സടകുടഞ്ഞെഴുന്നേററു ഞാൻ
അഗ്നിസ്പുലിംഗം തെറിച്ചെൻ മിഴികളിൽ
ഭഗ്നമാം എൻമനം നേടിയൊരാർജ്ജവം
എൻ നഖപ്പാടുവീഴ്ത്തീടുവാൻ, ചോരയാൽ
എൻമേനിയാകവേ ഒന്നു പൂതയ്ക്കുവാൻ
ക്രൂര ദന്തക്ഷതമേല്പിച്ച് നിന്റെ ഹാ !
ഏറെ പ്രിയങ്കരമായ പൂമേനിയെ
അള്ളിയും കിള്ളിയും മണ്ണിൽ പുതപ്പിച്ചും
കണ്ണിൽ നിന്നല്പം ഭാഗിച്ചൂയാചിച്ചു
ഏറെ നിസ്സഹായാവസ്ഥ കാണിച്ച്
വേർപാടു ചൊല്ലും മുഹൂർത്തത്തിൽ
ഒന്നുചിന്തിച്ചുപേയി ഞാനും, അഹങ്കാരി നീയും
തിരിയുന്നതിന്നു നിയതി, തൻ കൂട്ടിൽ നരം ?
കാണേണ്ട നീയെന്നെ, ഇന്നെൻ മടിയിലായ്
കാണുന്ന ഞാനല്ല നാളെ
നീ ഇതെങ്ങാനും ഓർക്കുമോ ?
ഇത്തിരിവെട്ടം തുടിച്ചു നിൽക്കാറുള്ള
സത്യമായ് തീരാവു എന്നുമെൻ ജീവിതം.

14867

കവിത

# പൂജാമലർ

ഡോ. തങ്കയ്യൻ

അഴകിൻെറ ഹംസരഥങ്ങളിളക്കിയ
അമൃതലയിണ ചേരും തീർത്ഥങ്ങളിൽ
ശൃംഗാര പത്മങ്ങൾ വിരിഞ്ഞുമ്മവയ്ക്കും
നിത്യാനുരാഗത്തിൻ നിർവൃതിയിൽ

മന്മഥ സുഗന്ധമായ്
മന്മഥ മരന്ദമായ്
മന്മഥ സംഗീതമായ്
നിന്നിലലിഞ്ഞു നിന്നല്ലികളിൽ
സഖി, നിന്നിലലിഞ്ഞു നിന്നല്ലികളിൽ

ജന്മ ജന്മങ്ങളായ് പഞ്ചവടികളിൽ
പുഷ്പക വിമാനമായ് ഞാനലഞ്ഞു
സ്വർണ്ണമാനറിഞ്ഞില്ല
മാദക ലാവണ്യ മധുരോത്സവം
കേതകി പുഷ്പത്തിൻ വസന്തോത്സവം

മൃദുല വികാര തരളിതയാം നിൻ
മൃദുല ദളങ്ങളിൽ ഞാൻ ശയിക്കും
സ്വപ്നങ്ങളായിരം ഗീതാജ്ഞലികളായ്
നിന്മണിവീണയിൽ ശ്രുതി മീട്ടും
ത്രിസന്ധ്യപ്പൂവുകൾ കാണാതെ, നിന്നെ ഞാൻ
പൂജാമലരായി ദത്തെടുക്കും
എന്മണിയറയിൽ പൂജിക്കും.

★

PG Library & Research Centre

# TRACO CABLE COMPANY LIMITED

**(A Kerala Government Company)**

## REGISTERED OFFICE:

KSHB OFFICE COMPLEX, (4TH FLOOR)
PANAMPILLY NAGAR,
COCHIN-682036

## FACTORIES:

1. IRIMPANAM P. O.,
   ERNAKULAM DISTRICT-682 309
2. JFTC FACTORY, CHUMATHRA,
   THIRUVALLA.
   PATHANAMTHITTA DISTRICT-689 103

## MANUFACTURERS OF:

POWER & CONTROL CABLES,
WIRES & FLEXIBLES,
AAC & ACSR, AAAC
AND
JELLY FILLED TELEPHONE CABLES

| | | | | | | | |
|---|---|---|---|---|---|---|---|
| PHONES: | COCHIN | : | 0484 | 311851 | TELEX | : | 0885 - 6373 TRCO |
| | | | | 312672 | | | |
| | | | | 314847 | FAX | : | 0484 - 312744 |
| | | | | 314864 | CABLE | : | TRACO, ERNAKULAM |
| | IRIMPANAM | : | 0484 | 777237 | | | |
| | | | | 777937 | | | |
| | THIRUVALLA | : | 04736 | 30231 | TELEX | : | 08802 206 TCTL |
| | | | | 30253 | FAX | : | 04736 30254 |
| | | | | 30391 | | | |

# തിരുവനന്തപുരം ജില്ലാ
# സഹകരണ ബാങ്ക് ക്ലിപ്തം

ഹെഡ്ഡാഫീസ് : തിരുവനന്തപുരം
(ഫോൺ : 451595, 451596, 451597)

- ★ ബാങ്കിംഗ് വ്യവസായത്തിൻെറ എല്ലാ മേഖലകളിലും പ്രവർത്തിച്ചുവരുന്നു.
- ★ ജില്ലയിലെ സഹകരണസ്ഥാപനങ്ങളുടെ കേന്ദ്രബാങ്ക്.
- ★ ആകർഷകമായ നിക്ഷേപ പദ്ധതികൾ.
- ★ നിക്ഷേപകർക്ക് ഉയർന്ന പലിശനിരക്ക്.
- ★ പവന് 2,400/– രൂപാ നിരക്കിൽ ഒരാൾക്ക് 40,000/- രൂപാ വരെയുള്ള സ്വർണ്ണപ്പണയ വായ്പ ബാങ്കിൻെറ 42 ശാഖകളിൽ നിന്നും വിതരണം ചെയ്യുന്നു.

★

ഹയർ പർച്ചേയ്സ്, ക്യാഷ് ക്രെഡിററ്, ഓവർഡ്രാഫ്ററ്,
വാഹനവായ്പ, ഭവനവായ്പ, വ്യവസായ വായ്പ,
തുടങ്ങിയ വായ്പാ പദ്ധതികൾ,


കർഷകർക്ക് ഒരു മിത്രവും, ബന്ധുവും
## "തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്"

കൂടുതൽ വിവരങ്ങൾക്ക് ബാങ്കിൻെറ ഏതെങ്കിലും ശാഖയെ സമീപിക്കുക.

| | |
|---|---|
| പി. വിജയദാസ് Ex. M.L.A. | ജി. ശ്രീകണ്ഠൻ നായർ |
| (പ്രസിഡൻറ്) | (ജനറൽ മാനേജർ) |

# ശ്രീ. സത്യൻ

## സ്മരണിക



791.4375
O92

**1995**